മാധ്യമം ● ഞായർ ● 14 ജനുവരി 2018 ● ലക്കം 1546

വാരാദ്യ മാധ്യമം

varadyam@madhyamam.in

1938 ലെ പാട്ടുകാലം 02

അവസാനിക്കാത്ത പാളങ്ങൾ 04







നാഗാലാൻഡിലെ കൊണോമ ഗ്രാമത്തിലെ കുട്ടികൾ

# മൊറോങ്ങിലെ കുട്ടികൾ

**നാഗകൾ ദമ്പതികളുടെ സ്വകാര്യജീവിതത്തിലേക്ക് എത്തിനോക്കാൻ ആരെയും അനുവദിക്കില്ല, സ്വന്തം മക്കളെപ്പോലും. മക്കൾ കുട്ടിത്തം വിടുമ്പോൾ അവരെ മൊറോങ്ങുകളിലാക്കും. രാത്രിയുറക്കം അവിടെയായിരിക്കും അവിടെ മുത്തച്ഛൻമാരും മുത്തശ്ശിമാരും ചൊല്ലുന്ന കഥകൾ കേട്ട് അവർ അന്തിയുറങ്ങും...**

വി. മുസഫർ അഹമ്മദ്

ചിത്രങ്ങൾ: മുഹമ്മദ്. എ

ദിമാപുരിൽ നിന്ന് നാഗാലാൻഡ് തലസ്ഥാനമായ കൊഹിമയിലേക്കുള്ള വഴിയിൽ മെസിഖമ ഗ്രാമത്തിൽ കൈതച്ചക്ക വിൽപന നടത്തുകയായിരുന്നു മൊയ്ബി. അവൾ എട്ടാം ക്ലാസിൽ പഠിക്കുന്നു. അംഗാമി ഗോത്രത്തിലെ അംഗം. അപ്പോൾ വൈകീട്ട് മൂന്നര മണിയായി. നാലുമണിക്ക് ഇരുട്ടാകും, എനിക്ക് കട അടച്ച് മൊറോങ്ങിലേക്ക് പോകണമെന്നും എന്തെങ്കിലും വാങ്ങുന്നുവെങ്കിൽ വേഗം വേണമെന്നും അവൾ ധിറുതി കാണിച്ചു. മൊയ്ബിയുടെ കടയിൽ കൈതച്ചക്കക്ക് പുറമെ നല്ല പച്ചപ്പയർ, എരിവിൽ ലോകത്ത് തന്നെ ഒന്നാം സ്ഥാനത്തുള്ള നാഗ മുളക്, വാഴപ്പഴം, വലിയ തരത്തിലുള്ള ഓർക്കാപ്പുളി, വാഴക്കൂമ്പും അതിൻെറ പൊടിയും, വിവിധതരം അച്ചാറുകൾ എന്നിവയും വിൽപനക്ക് വെച്ചിട്ടുണ്ട് (പഴയ കേരളഗ്രാമത്തിലെ ഒരു കട തന്നെ). ജൈവകൃഷി രീതി മാത്രം പിന്തുടരുന്നവരാണ് നൂറ്റാണ്ടുകളായി നാഗകൾ. അതുകൊണ്ട് തന്നെയാകണം അവരുടെ കൈതച്ചക്കക്ക് ഇത്രയും മധുരം. മൊയ്ബിയും അച്ഛനും അമ്മയും കടയിലുണ്ടായിരുന്നു. അച്ഛനും അമ്മയും കൂടെയുണ്ടല്ലോ, പിന്നെയെന്തിനാണ് ധിറുതിയിൽ പോകുന്നതെന്ന് ചോദിച്ചപ്പോൾ ഞാൻ വീട്ടിലേക്കല്ല, മൊറോങ്ങിലേക്കാണ് പോകുന്നതെന്ന് അവൾ പറഞ്ഞു.

മൊറോങ് എന്നാൽ നാഗവീടുകളിലെ വിശ്രമ മുറിയാണെന്ന് യാത്രക്ക് മുമ്പേ വായിച്ചറിഞ്ഞിട്ടുണ്ടായിരുന്നു. മൊറോങ് വീട്ടിൽ തന്നെയല്ലേ, ഞാൻ ചോദിച്ചു. അല്ലാതെ മറ്റൊരു മൊറോങ് കൂടിയുണ്ട് –മൊയ്ബി പറഞ്ഞു. അതെന്താണ്? ഗ്രാമത്തിൽ ഞങ്ങൾ കുട്ടികൾ മാത്രം താമസിക്കുന്ന ഒരിടം. ഹോസ്റ്റലെന്നോ ഡോർമെറ്ററിയെന്നോ വിളിക്കാം. കുട്ടികൾ അൽപം മുതിർന്നാൽ രാത്രിയുറക്കം മൊറോങ്ങുകളിലാണ്. ഇത്രയും പറഞ്ഞ് അവൾ കൈയിലൊരു സഞ്ചിയുമായി ലക്ഷ്യസ്ഥാനത്തേക്ക് നടക്കാൻ തുടങ്ങി.

എനിക്ക് ശരിക്കും മനസ്സിലായില്ല നിങ്ങളുടെ മകൾ പറഞ്ഞത്– ഒന്നു വിശദമാക്കാമോ? അതിനു മറുപടി പറഞ്ഞത് അവളുടെ അച്ഛൻ അസിൻജോ ആയിരുന്നു. “ഞങ്ങൾ നാഗകൾ ദമ്പതികളുടെ സ്വകാര്യജീവിതത്തിലേക്ക് എത്തിനോക്കാൻ ആരെയും അനുവദിക്കില്ല, സ്വന്തം മക്കളെപ്പോലും. മക്കൾ കുട്ടിത്തം വിടുമ്പോൾ അവരെ മൊറോങ്ങുകളിലാക്കും. രാത്രിയുറക്കം അവിടെയായിരിക്കും”–പിന്നീട് നാഗാലാൻഡിലൂടെ സഞ്ചരിക്കുമ്പോൾ എല്ലാ ഗ്രാമങ്ങളിലും ഇത്തരത്തിലുള്ള മൊറോങ്ങുകൾ കണ്ടു. മിക്കവാറും ഗ്രാമങ്ങളുടെ ഒത്ത നടുക്കാണ് ഈ സംവിധാനം. അതുണ്ടാക്കുന്നതും നിലനിർത്തുന്നതും അറ്റകുറ്റപ്പണികൾ നടത്തുന്നതും ഗ്രാമസഭയാണ്. ഓരോ ഗ്രാമത്തിൻെറയും പൊതുസ്വത്താണത്. ഒരിടത്തുവെച്ച് മകനെ മൊറോങ്ങിലാക്കാൻ പോകുന്ന ഒരമ്മയെ കണ്ടു. അവരുടെ മുതുകിൽ കമ്പിളിത്തൊട്ടിലിൽ വളരെ ചെറിയ ഒരു കുഞ്ഞുമുണ്ട്. കുട്ടികളെ ഇങ്ങനെ അകറ്റിനിർത്തിയാൽ അവർക്ക് നിങ്ങളോട് അടുപ്പവും സ്നേഹവുമുണ്ടാകുമോ?– അവരോട് ചോദിച്ചു. “അങ്ങനെ നിർത്തിയില്ലെങ്കിലാണ് അവർ അകലുക. ഓരോ കുട്ടിയും സ്വന്തം ഗ്രാമത്തിൻെറ കുട്ടിയായി വളരുന്നത് മൊറോങ്ങിലാണ്. അവിടെ വെച്ചാണ് അവർ സാമൂഹികജീവിതം പഠിക്കുന്നത്, സമൂഹജീവിയായി മാറുന്നത്. കുട്ടികൾ രാത്രികളിൽ മാത്രമാണ് മൊറോങ്ങിൽ കഴിയുന്നത്. അവിടെ അവരെ നോക്കാനും നാഗകളുടെ വേരുകൾ പരിചയപ്പെടുത്താനും മുതിർന്ന കുട്ടികളുമുണ്ടാകും. ഒരു പ്രായം വരെ ആൺകുട്ടികളും പെൺകുട്ടികളും ഒരേ മൊറോങ്ങിലായിരിക്കും. കുറച്ച് മുതിർന്നാൽ പ്രത്യേകം പ്രത്യേകം മൊറോങ്ങുകളിലേക്ക് മാറ്റും”. അവർ പറഞ്ഞു.

കൊഹിമയിൽ വെച്ച് പരിചയപ്പെട്ട തൊഹിൻബ എന്ന മാധ്യമപ്രവർത്തകൻ, മൊറോങ്ങുകൾ കുട്ടികളെ സംബന്ധിച്ചിടത്തോളം ജീവിതപാഠശാലയായിത്തന്നെ മാറുകയാണെന്ന് നിരീക്ഷിച്ചിരുന്നു. “ഈ സ്ഥലം സ്കൂളുകളായും പ്രവർത്തിക്കുന്നുണ്ട്. ദിമാപുരിലോ കൊഹിമയിലോ ഗ്രാമങ്ങളിൽ നിന്ന് വന്ന് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അവരുടെ ഹോസ്റ്റലുകളാണ് മൊറോങ്ങുകൾ. എവിടെയും നാഗകുട്ടികൾ സംഘജീവിതം നയിക്കുന്നു. സ്കൂളുകൾ ഇല്ലാത്ത സമയത്ത് കുട്ടികൾ കൃഷിപ്പണിയിലേക്കും ചിലപ്പോൾ മുതിർന്നവർക്കൊപ്പം വേട്ടക്കും പോകും. കുട്ടികളുടെ അധ്വാനവും കൂടി ചേർന്നതാണ് നാഗകുടുംബജീവിതം. കുട്ടികളെ ആരും നിർബന്ധിക്കില്ല, അവർ സ്വമേധയാ ഇത്തരം ജോലികളിലേക്ക് എത്തുകയാണ് ചെയ്യുക. അതിന് അവരെ പ്രാപ്തരാക്കുന്നത് അവരുടെ സംഘജീവിതം തന്നെയാണ്” –തൊഹിൻബ സംസാരം തുടർന്നു. അവരുടെ പഠനത്തിനും മൊറോങ്ങുകളിൽ സഹായികളുണ്ടാകും.

ഗ്രാമങ്ങളിൽ, പഴയ കഥകളും നാഗാചരിത്രവും അറിയുന്ന മുത്തച്ഛൻമാരും മുത്തശ്ശിമാരും പലപ്പോഴും മൊറോങ്ങുകളിൽ കുട്ടികൾക്കൊപ്പം രാത്രി കഴിയും. അവർ പറയുന്ന കഥകളും പഴയകാല ചരിത്രങ്ങളും പാട്ടുകളും എല്ലാം ഓരോ കുട്ടിയും ഹൃദിസ്ഥമാക്കുക ഇത്തരം സമയങ്ങളിലാണ് –കൊണോമ ഗ്രാമത്തിൽനിന്ന് വന്ന് കൊഹിമയിൽ ചെറിയ ഹോട്ടൽ നടത്തുന്ന ഷാം തോർ സംസാരവേളയിൽ പറഞ്ഞുതന്നു.

“കൃഷിഭൂമി രേഖകളിൽ സ്വകാര്യസ്വത്തായി കിടക്കും. എന്നാൽ, ജും കൃഷി (നിലം കരിച്ച് വിളയിറക്കൽ) വേളയിൽ എല്ലാവരുടെയും ഭൂമി ഗ്രാമസ്വത്തായി മാറും. എവിടെയാണ് കൃഷി ഇറക്കേണ്ടതെന്ന് തീരുമാനിക്കുക ഗ്രാമകൗൺസിലാണ്, അതാണ് ഞങ്ങളുടെ സോഷ്യലിസം. മനുഷ്യാധ്വാനവും അങ്ങനെതന്നെ. ഗ്രാമത്തിനു വേണ്ടി എല്ലാവരും അധ്വാനിക്കും. എല്ലാവർക്കും അവർക്ക് ആവശ്യമായ അളവിൽ ധാന്യവും മറ്റും നൽകുകയും ചെയ്യും. ഈ പാരമ്പര്യം നിലനിൽക്കണമെങ്കിൽ ഒരാൾ കുട്ടിക്കാലം മുതലേ സംഘജീവിതം നയിക്കണം. അതിന് മൊറോങ്ങുകൾ അനിവാര്യം”– ദിമാപുരിലേക്ക് മടങ്ങുമ്പോൾ സഹയാത്രികനായിരുന്ന തമാങ് ആവർത്തിച്ചു.

കുട്ടികൾ ഒരിക്കലും അച്ഛനിൽ നിന്നും അമ്മയിൽ നിന്നും അകലുന്നില്ല. അവരുടെ ബന്ധം ശക്തവും ഊഷ്മളവുമായിരിക്കും. ഗ്രാമങ്ങളിൽ ചെന്ന് കുട്ടികളോട് സംസാരിക്കുമ്പോൾ ഇക്കാര്യം മനസ്സിലായി.

ചിലയിടങ്ങളിൽ കുട്ടികളും മുതിർന്നവരും മൊറോങ്ങിൻെറ വരാന്തകളിലിരുന്ന് പാമ്പും കോണിയും കളിക്കുന്നു. മുറ്റത്ത് കക്കുകളിക്കുന്നു. വീടു വിട്ടാലേ ഒരു കുട്ടി വളരൂ –കൊഹിമയിൽ അധ്യാപകനായ കൊണോമ സ്വദേശി രാർജി ബോധ്യപ്പെടുത്തി. കുട്ടികൾ മുതിരുമ്പോൾ പ്രണയബന്ധങ്ങൾ സ്വാഭാവികമായി ഉണ്ടാകാറുണ്ട്. വിവാഹത്തിനുമുമ്പ് ഒന്നിച്ച് നടക്കുന്നത് ഒരു കുറ്റമായി നാഗകൾ കാണുന്നില്ല. വിവാഹം ഉറപ്പിച്ചാൽ കുടുംബഭൂമിയിൽ വരൻ ആദ്യം വീടു വെക്കും. വിവാഹം കഴിഞ്ഞ് വധുവുമായി അവിടെ ജീവിതം തുടങ്ങും. ഗ്രാമത്തിലെ ഓരോ കുടുംബവും തങ്ങളുടെ ആദിമ മുത്തച്ഛനായി കാണുന്ന ഒരാളുണ്ടാകും. അയാളിലേക്ക് പോകുന്ന രക്തബന്ധത്തിൽ നിന്ന് വിവാഹം കഴിക്കുന്നത് അനുവദനീയമല്ല. അതായത് വരനും വധുവും ഒരേ രക്തപാരമ്പര്യത്തിൽ നിന്നാകരുതെന്ന് കടുത്ത നിഷ്കർഷയുണ്ട്. 16 ഗോത്രങ്ങളാണ് നാഗകൾക്കിടയിൽ. ഗോത്രം മാറി വിവാഹം കഴിക്കുന്നതും ഒട്ടും പ്രോത്സാഹിപ്പിക്കപ്പെടുന്ന കാര്യമല്ല. ഇവർക്കിടയിൽ സിംഹഭാഗവും ഇന്ന് ക്രിസ്ത്യൻ മതാനുയായികളായെങ്കിലും ഗോത്രവിശ്വാസങ്ങളും ആചാരങ്ങളും മാറ്റമില്ലാതെ തുടരുന്നുണ്ട്. കൃഷിക്കളങ്ങൾ താഴേതട്ടിലും വീടുകൾ കുന്നിൻ മുകളിലുമായാണ് നാഗാഗ്രാമങ്ങൾ. വീടുകളെ തൊട്ടു, തൊട്ടില്ല എന്ന മട്ടിൽ മേഘങ്ങളുടെ സഞ്ചാരം. ചുറ്റും പച്ചപുതച്ച നാഗ കുന്നുകൾ. മിക്കപ്പോഴും അതിനിശ്ശബ്ദമായ ഗ്രാമവഴികൾ. എല്ലാ ഗ്രാമങ്ങളിലും സായാഹ്നമാകുമ്പോൾ മൊറോങ്ങിലേക്ക് നീങ്ങുന്ന കുട്ടികൾ. കാലം പല മാറ്റങ്ങൾ വരുത്തിയെങ്കിലും നാഗാ ഗ്രാമങ്ങൾ അവരുടെ പാരമ്പര്യത്തിൽതന്നെ ജീവിക്കുകയാണ്.

മടങ്ങുമ്പോൾ മൊയ്ബിയുടെ കടയിൽ വീണ്ടും കയറി. മൊറോങ്ങിലുള്ള അവളുടെ രണ്ട് കൂട്ടുകാരികളായിരുന്നു അന്ന് മൊയ്ബിയുടെ സഹായികൾ. കടയോട് ചേർന്ന ചെറിയ അടുക്കളയിൽ അവർ ഭക്ഷണമുണ്ടാക്കി കഴിക്കുകയായിരുന്നു. ആൺകുട്ടികൾ പാചകം ചെയ്യുമോ? പിന്നെ, ആണും പെണ്ണും എല്ലാ ജോലിയും ചെയ്യും, പക്ഷേ പെണ്ണുങ്ങൾക്ക് തന്നെയാണ് ജോലി കൂടുതൽ –നിറഞ്ഞ ചിരിയോടെ മൊയ്ബി പറഞ്ഞു. അത് ലോകത്ത് എല്ലായിടത്തും അങ്ങനെയാണ്, പക്ഷേ ആണുങ്ങൾ സമ്മതിക്കില്ല -അടുക്കളയുടെ ഉള്ളിൽ നിന്ന് പുറത്തേക്കിറങ്ങി വന്ന പ്രായമുള്ള സ്ത്രീ പറഞ്ഞു. എൻെറ അമ്മായിയാണ്, മൊയ്ബി പരിചയപ്പെടുത്തി. പല നാഗാഗ്രാമങ്ങൾ പിന്നിട്ട് നാട്ടിലേക്ക് മടങ്ങുമ്പോൾ വീടുകളിൽ നിന്നും സ്കൂളുകളിൽ നിന്നും രാത്രിഭക്ഷണവുമായി മൊറോങ്ങുകളിലേക്ക് നടന്നു പോകുന്ന കുട്ടികൾ മേഘങ്ങളിലേക്ക് വളരുന്നതായി തീർച്ചയായും തോന്നി. ●



അമ്മയും കുഞ്ഞുങ്ങളും



മൊറോങ്ങിന് മുന്നിൽ കുട്ടികൾ





നാഗ വീട്



മൊയ്ബി കടയിൽ

പാട്ടുചരിത്രം

# മാപ്പിളപ്പാട്ടിൻെറ 80 വർഷം, അഥവാ 1938ലെ പാട്ടുകാലം



പ്രഫ. ആമി കാത്‌ലിൻ

● ചിത്രം: ലെൻസ്മെൻ സിറാജ്

ഐ. സമീൽ

- കാലം: 2018 ജനുവരി 4
- സ്ഥലം: മലപ്പുറം തിരൂരങ്ങാടി പി.എസ്.എം.ഒ കോളജ് സെമിനാർ ഹാൾ
- കേൾക്കുന്ന പാട്ടുകൾ: 1938 ഏപ്രിൽ 19, 20 തീയതികളിൽ മലപ്പുറത്ത് റെക്കോഡ് ചെയ്തവ.
- കേൾക്കുകയായിരുന്നു, തിരൂരങ്ങാടി പി.എസ്.എം.ഒ കോളജ് സെമിനാർ ഹാളിലെ നിശ്ശബ്ദമായ വേദിയിൽ ഒഴുകിയിറങ്ങിയ ശബ്ദവീചികൾ. നമ്മിൽനിന്ന് മുറിച്ചുമാറ്റപ്പെട്ടുവെന്ന് കരുതിയ ഒരു കാലത്തിൻെറ ആഹ്ലാദങ്ങളുടെ പെയ്ത്ത്. അറിയിക്കുകയായിരുന്നു, മാപ്പിളപ്പാട്ട്, മലബാർ തുടങ്ങിയ പദാവലികളിൽ പതിഞ്ഞുപോയ ഭാവനകൾക്ക് ഇനിയും കേൾക്കുകയും അനുഭവിക്കുകയും ചെയ്തിട്ടില്ലാത്ത മധുവൂറും കാലങ്ങളും അടരുകളുമുണ്ടായിരുന്നെന്ന്. കാണുകയായിരുന്നു, സെമിനാർ ഹാളിലെ ചുമരിൽ തെളിഞ്ഞ ബ്ലാക്ക് ആൻഡ് വൈറ്റ് വിഡിയോകളിൽ രണ്ടു തലമുറക്കപ്പുറത്തെ മാപ്പിളപ്പാട്ടുകാലങ്ങൾ. അല്ല, മാപ്പിള ജീവിതങ്ങൾതന്നെ.

അമേരിക്കയിലെ കാലിഫോർണിയ വാഴ്സിറ്റി ഗോത്രസംഗീത പഠന വിഭാഗത്തിൻെറ സഹകരണത്തോടെ തിരൂരങ്ങാടി പി.എസ്.എം.ഒ കോളജ് ചരിത്ര വിഭാഗം സംഘടിപ്പിച്ച പരിപാടിയിലാണ് 80 വർഷം മുമ്പ് മലപ്പുറത്തുനിന്ന് റെക്കോഡ് ചെയ്ത മാപ്പിളപ്പാട്ടുകളും വിഡിയോയും പ്രദർശിപ്പിച്ചത്. ലണ്ടൻ സർവകലാശാലയിലെ സംഗീത ഗവേഷക വിഭാഗം അധ്യാപകനായിരുന്ന ഡോ. ആർണോൾഡ് അഡ്രിയാൻ ബകി 1938 ഏപ്രിൽ 19, 20 തീയതികളിൽ ഇന്നത്തെ മലപ്പുറം ജില്ലയുടെ ഭാഗമായ മമ്പുറം, പരപ്പനങ്ങാടി, പുല്ലങ്കോട് എസ്റ്റേറ്റ് എന്നിവിടങ്ങളിൽ വെച്ച് റെക്കോഡ് ചെയ്തതാണിവ. ഏപ്രിൽ 22ന് കോഴിക്കോട്ടുവെച്ച് റെക്കോഡ് ചെയ്ത ലക്ഷദ്വീപുകാരുടെ പാട്ടുകളും ഇതിലുണ്ട്.

അറബി മലയാളം എന്ന ജ്ഞാനപാരമ്പര്യം വഴി മാപ്പിളപ്പാട്ടിൻെറ നൂറ്റാണ്ടുകൾ പഴക്കമുള്ള സാഹിത്യശാഖ ഇന്നും ലഭ്യമാണെങ്കിലും മാപ്പിളപ്പാട്ട് ആലാപന സമ്പ്രദായത്തെക്കുറിച്ച് പരിമിതമായ വിവരസ്രോതസ്സുകളേ ലഭ്യമായിട്ടുള്ളൂ. സംഗീതത്തിൻെറ തലമുറ-സാങ്കേതിക മാറ്റങ്ങൾക്കനുസരിച്ച് കൊഴിഞ്ഞുപോകുന്ന ആലാപനരീതികളും ഈണങ്ങളും ഒരു ഘട്ടത്തിലുള്ളത് തിരിച്ചുപിടിക്കാൻ കഴിഞ്ഞു എന്നതാണ് ഈ റെക്കോഡുകളുടെ പ്രസക്തി. മാപ്പിളപ്പാട്ടിലെ വമ്പ്, വിരുത്തം എന്നിവയുടെ വിസ്മയാവഹമായ സൗന്ദര്യം ബോധ്യപ്പെടുത്തുന്നതായിരുന്നു ഇതിലെ ആലാപനങ്ങൾ. ലോകപ്രശസ്തരായ ഖവാലി ഗായകരുടെ പ്രകടനങ്ങളെ അനുസ്മരിപ്പിക്കുന്ന വമ്പും വിരുത്തവും അവതരിപ്പിക്കുന്ന ഗായകരുടെ തലമുറ എവിടെയും രേഖപ്പെടാതെ കടന്നുപോയി എന്ന സങ്കടംകൂടി ഈ കേൾവി സമ്മാനിക്കുന്നുണ്ട്. മലയാളത്തിൻെറ മഹാകവി മോയിൻകുട്ടി വൈദ്യരുടെ ഹിജ്റ, ബദർ പടപ്പാട്ട് എന്നിവക്ക് പുറമെ ചേറൂർ പടപ്പാട്ട്, മലപ്പുറം നേർച്ചപ്പാട്ട്, നബി മദ്ഹ്, സദുപദേശമാല, ആദംനബി മദ്ഹ്, ഒപ്പനപ്പാട്ട്, കോൽക്കളിപ്പാട്ട്, വട്ടപ്പാട്ട്, ലക്ഷദ്വീപിലെ തോണിപ്പാട്ടുകൾ, ഖുർആൻ പാരായണം, വിവാഹ ഖുതുബ തുടങ്ങിയവയാണ് ഈ ശേഖരത്തിലുള്ളത്.

വൈദ്യരുടെ ബദർ പടപ്പാട്ടിലെ പ്രസിദ്ധമായ 'ഉണ്ടെന്നും മിശ്ഖാത്ത് ബാരികിൽ വന്തിടൈ...' എന്ന ഗാനം നിലവിലുള്ള 'മുറുക്കം' ആലാപന രീതിയിൽനിന്ന് വ്യത്യസ്തമായി മെലഡി പ്രധാനമായ 'ചായൽ' രീതിയിൽ വേറിട്ട അനുഭവം പകരുന്നതാണ്. മാപ്പിളപ്പാട്ടിലോ മലയാള ഗാനപാരമ്പര്യത്തിലോ വേണ്ടത്ര രേഖപ്പെടാത്ത മലയാളം സൂഫി ഗാനശാഖയിലുൾപ്പെട്ട ഒരു ഗാനവും ഈ ശേഖരത്തിലുണ്ട്. 1907ൽ ജനിച്ച് 1970ൽ മരിച്ച പൊന്നാനിയിലെ കെ.വി. അബൂബക്കർ മാസ്റ്റർ എന്ന അബ്ദുറഹ്മാൻ മസ്താൻ രചിച്ച 'ഖുർആൻ തബ്ലീഗ് റസൂലില്ലാഹ്, ഖുറൈശി മുഹമ്മദ് സ്വല്ലിഅലാ' എന്ന ഗാനമാണത്. അച്ചടി രൂപത്തിലില്ലാത്തതും വാമൊഴിയായി മാത്രം ലഭ്യമായതുമായ ഇത്തരം ഗൂഢാർഥ ഗാനങ്ങൾക്കുള്ള പ്രചാരത്തെയും ഇത് അടയാളപ്പെടുത്തുന്നു. അബ്ദുറഹ്മാൻ മസ്താൻെറ ഗാനങ്ങൾ ഉസ്താദ് തവക്കുൽ മുസ്തഫ കടലുണ്ടിയുടെ അശ്രാന്ത പരിശ്രമത്താലാണ് ഇന്നും കൈമോശം വരാതെ നിലനിൽക്കുന്നത്.



1938ലെ ടെഫി റെക്കോഡിങ്ങുകളുടെ സിഡി പകർപ്പുമായി പ്രഫ. ആമി കാത്‌ലിൻ ജെറാസ്ബോയ് പി.എസ്.എം.ഒ കോളജിലെ സെമിനാർ വേദിയിൽ

മലബാറുമായി ബന്ധപ്പെട്ട് പൊതുവിൽ ലഭ്യമായതിൽ വെച്ച് ഏറ്റവും ആദ്യത്തെ വിഡിയോ റെക്കോഡിങ്ങാണ് ഡോ. ആർണോൾഡ് ബകിയുടെ ശേഖരത്തെ വിലപിടിപ്പുള്ളതാക്കിത്തീർക്കുന്ന മറ്റൊരു ഘടകം. 1937ലെ ജർമൻ നിർമിത ടെഫി റെക്കോഡർ ഉപയോഗിച്ചാണ് പാട്ടുകൾക്കൊപ്പം ഈ ദൃശ്യങ്ങളും പകർത്തിയിരിക്കുന്നത്. മാപ്പിള, മുസ്‍ലിം സ്ത്രീ എന്നിവ സംബന്ധിച്ച് അടുത്തകാലത്തുണ്ടായ ഫ്ലാഷ്മോബ് വിവാദങ്ങളെ അപ്രസക്തമാക്കുന്ന ഈ വിഡിയോ, പുരോഗമനം, സ്ത്രീ സ്വാതന്ത്ര്യം തുടങ്ങിയവ സംബന്ധിച്ച കേരളീയ പൊതുബോധങ്ങളെ നിലംപരിശാക്കിക്കളയുന്നുണ്ട്. പുല്ലങ്കോട് എസ്റ്റേറ്റിൻെറ പശ്ചാത്തലത്തിൽ മികച്ച വസ്ത്രധാരണത്തോടെ കൈകൊട്ടിപ്പാടുന്ന മാപ്പിള സ്ത്രീകളുടെ ദൃശ്യങ്ങൾ അത്തരത്തിലൊന്നാണ്.

ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ വ്യത്യസ്ത പ്രാദേശിക-ഗോത്ര സംഗീതത്തെക്കുറിച്ച് പഠനം നടത്തിയ ആർണോൾഡ് ബകി, 1937 മുതൽ 1946 വരെ നടത്തിയ രണ്ടാമത്തെ പഠനയാത്രയിലാണ് ഈ പാട്ടുകൾ റെക്കോഡ് ചെയ്തത്. രണ്ടാം ലോകയുദ്ധ കാലത്തിനിടയിൽ നടത്തിയ ഈ യാത്രയിലെ പല റെക്കോഡുകളും കൈമോശം വന്നിട്ടുണ്ട്. ദക്ഷിണേന്ത്യയെ കുറിച്ചുള്ള ഒരു മണിക്കൂർ വിഡിയോയിൽ അരമണിക്കൂർ സമയം മലബാറിനെ കുറിച്ചാണുള്ളത്. ഗുജറാത്ത് വംശജനായ അമേരിക്കൻ സംഗീത ഗവേഷകനും തൻെറ ശിഷ്യനുമായ നാസിർ അലി ജൈറസ്ബോയിക്ക് ഡോ. ആർണോൾഡ് ബകി ഈ ശേഖരം കൈമാറിയിരുന്നു. ബകിയുടെ സംഗീത വഴികളിലൂടെയുള്ള യാത്രയുടെ ഭാഗമായി നാസിർ അലിയും ഭാര്യ കാലിഫോർണിയ സർവകലാശാലയിലെ സംഗീത പഠനവിഭാഗം അധ്യാപിക ആമി കാത്‌ലിനും 1994ൽ പുല്ലങ്കോട് എസ്റ്റേറ്റിലെത്തി വീണ്ടും പാട്ടുകളും ഒപ്പനയും മറ്റും പകർത്തിയിരുന്നു. നാസിർ അലിയുടെ മരണശേഷം അമൂല്യമായ ബകിയുടെ ശേഖരം പുതിയ തലമുറക്ക് ഗവേഷണ പഠനങ്ങൾക്ക് ലഭ്യമാക്കണമെന്ന ആഗ്രഹത്തോടെയാണ് ആമി കാത്‌ലിൻ വീണ്ടും കേരളത്തിലെത്തിയത്. അമൂല്യമായ ഈ ശേഖരത്തിൻെറ പകർപ്പുകൾ ഡോ. പി.പി. അബ്ദുറസാഖിൻെറ നേതൃത്വത്തിലുള്ള പി.എസ്.എം.ഒ കോളജ് ചരിത്ര വിഭാഗത്തിനും കാലിക്കറ്റ് വാഴ്സിറ്റിക്കും അവർ കൈമാറിയിട്ടുണ്ട്. ●



ഡോ. ആർണോൾഡ് അഡ്രിയാൻ ബകിയും ഭാര്യയും സംഗീതവഴികളിലൂടെയുള്ള യാത്രയുടെ ഒരുക്കത്തിൽ



ഡോ. ആർണോൾഡ് അഡ്രിയാൻ ബകി റെക്കോഡ് ചെയ്യുന്നു (സ്ഥലം കൊൽക്കത്ത ശാന്തിനികേതൻ ആകാനാണ് സാധ്യത)



കൈകൊട്ടി പാടുന്ന മാപ്പിള സ്ത്രീകൾ. ഡോ. ആർണോൾഡ് അഡ്രിയാൻ ബകി 1938ൽ പുല്ലങ്കോട് എസ്റ്റേറ്റിന് മുന്നിൽനിന്ന് പകർത്തിയ വിഡിയോയിൽനിന്നുള്ള ദൃശ്യം

സംഗീതം

# അനുരാഗലോലം

## അനുഗൃഹീത സംഗീതജ്ഞൻ നൗഷാദിൻെറ ജന്മശതാബ്ദി വർഷമാണ് ഇത്. അദ്ദേഹത്തിൻെറ സംഗീത വഴികളിലൂടെ ഹ്രസ്വയാത്ര

ബാലചന്ദ്രൻ വടശ്ശേരി



നൗഷാദ്

കല്‍പനയാകും യമുനാനദിയുടെ, ഇക്കരെയാണെൻെറ താമസം, മാലിനിനദിയിൽ കണ്ണാടിനോക്കും, അറബിക്കടലൊരു മണവാളൻ, വെള്ളത്താമരമൊട്ടുപോലെ, ഇനിയെൻെറ ഇണക്കിളിക്കെന്തുവേണം, വൃശ്ചിക രാത്രിതൻ അരമന മുറ്റത്തൊരു, ഏഴിലംപാലപൂത്തു... അങ്ങനെ 1988 ആയി. അതാവരുന്നു അതുവരെയനുഭവിക്കാത്ത ഒരു ഗീതവർഷം. ഈ രണ്ടു കണ്ഠങ്ങളിലൂടെ അത് സിരകളിലേക്കൊഴുകിയെത്തി.

'ജാനകീ ജാനേ...രാമാ രാമാ...'

അനിർവചനീയമായി അതങ്ങനെ പെയ്തിറങ്ങി. രണ്ടുപേരും വേറെ വേറെ ട്രാക്കുകളിൽ. ഗാനകോകിലത്തിൻെറ ആ പളുങ്കുനാദം ഭക്തിയാണോ ആസ്വാദന പാരമ്യമാണോ എന്നറിയാത്ത ഒരു മാസ്മരികതലത്തിലേക്ക് എടുത്തുയർത്തുന്നു. ഗന്ധർവനെക്കാൾ ഒരുപടി മുന്നിലാണോയെന്ന സംശയം തോന്നാൻ പാടില്ലാത്തതാണ്... എങ്കിലും.

ഇനി ഈ ശ്രവ്യാനുഭൂതിയുടെ സ്രഷ്ടാക്കളിലേക്ക്. ഇന്നേവരെ മലയാള സിനിമയിൽ രചിക്കപ്പെട്ട ശ്രേഷ്ഠമായ കൃഷ്ണഗീതികളെല്ലാം എന്നു വേണമെങ്കിൽ പറയാം. സംസ്കൃതത്തിൽ ഒരു സമ്പൂർണ ഗാനം. അതിനു ദേശീയ പുരസ്കാരം. അനുരാഗഗാനം പോലെ... സുറുമയെഴുതിയ മിഴികളെ... പൊന്നിൽകുളിച്ചരാത്രി... പതിനാലാം രാവുദിച്ചതു മാനത്തോ കല്ലായിക്കടവത്തോ? എന്നുചോദിച്ച, അഞ്ചു ശരങ്ങളും പോരാതെ മന്മഥൻ നിമ്മിഴി സായകമാക്കി എന്ന് തീർത്തു പറഞ്ഞ കാവ്യവല്ലഭൻ. യൂസഫലി കേച്ചേരി. ജാനകീ ജാനേ എന്ന ഗാനം പിറന്ന തൂലിക.



മുഹമ്മദ് റാഫിക്കൊപ്പം

ഹിന്ദുസ്ഥാനിയിൽ പറഞ്ഞാൽ പേട്ടി തബല എന്ന ഹാർമോണിയം തബല കൊണ്ടുമാത്രം അത്ഭുതങ്ങൾ സൃഷ്ടിച്ച, നിശ്ശബ്ദചിത്രങ്ങളുടെ കാലഘട്ടത്തിൽനിന്നു തുടങ്ങി ഹിന്ദി സിനിമാസംഗീതത്തിലെ എല്ലാ ആദ്യ സംരംഭങ്ങളുടെയും സ്രഷ്ടാവായി, ലെജൻഡുകളായ ലത മങ്കേഷ്കർ, മഹാനായ മുഹമ്മദ് റഫി തുടങ്ങി അതുല്യ പ്രതിഭകളെ അവതരിപ്പിച്ച, എക്കാലത്തെയും വലിയ ഹിറ്റുകളായ മുഗളെ അഅ്സം, ബൈജു ബാവ്റ, പക്കീസ തുടങ്ങി അനേകം തരംഗങ്ങൾ. സിനിമാസംഗീതത്തിലാദ്യമായി 100 പീസ് ഓർക്കസ്ട്ര അവതരിപ്പിച്ച, അങ്ങനെ ഒരുപാടൊരുപാട് ആദ്യങ്ങൾ സമ്മാനിച്ച, ഇനിയും എണ്ണിയാലൊടുങ്ങാത്ത നേട്ടങ്ങൾക്കർഹനായ സാക്ഷാൽ നൗഷാദ് അലി എന്ന സംഗീത മാന്ത്രികൻ. 1919ലെ ക്രിസ്മസ് രാത്രിയിൽ ജനനം. യാഥാസ്ഥിതികമായ കുടുംബാന്തരീക്ഷത്തിൽ സംഗീതം നിഷിദ്ധം. വീട് വിട്ടിറങ്ങി 1937ൽ 18ാം വയസ്സിൽ ബോംബെയിൽ.

ദാദർ ബ്രോഡ്‍വേ തിയറ്ററിനു മുന്നിലെ ഫുട്പാത്തിൽ ദിവസങ്ങളോളം അന്തിയുറങ്ങി. 15 വർഷങ്ങൾക്കിപ്പുറം 1952ൽ താൻ സംഗീതം നൽകിയ ബൈജു ബാവ്റയുടെ സുവർണ ജൂബിലിക്ക് അതേ ബ്രോഡ്‍വേ തിയറ്ററിൽ വിശിഷ്ടാതിഥിയായി ഇരുന്നപ്പോഴും മുന്നിലെ ഫുട്പാത്തിലേക്ക് മിഴികൾ നട്ടിരുന്നു ആ പ്രതിഭ. പിന്നീടെല്ലാം ചരിത്രം. 1988ലാണ് സംവിധായകൻ എ.ടി. അബു, മാക് അലിയുമായി ചേർന്ന് പി.ആർ. നാഥൻെറ കഥ 'ധ്വനി' എന്നപേരിൽ സിനിമയാക്കാൻ തയാറെടുക്കുന്നത്.

നൗഷാദ് സാബിനെ മലയാളത്തിൽ കൊണ്ടുവരാനുള്ള ആഗ്രഹം സഫലമാക്കാൻ യൂസഫലിയെയും കൂട്ടി നേരെ ബോംബെയിലെ കാർട്ട റോഡിലുള്ള ആഷിയാന എന്ന നൗഷാദ് സാബിൻെറ വസതിയിലേക്ക്. സലിൽദായും മന്നാഡെയും ലതാജിയും ആശ ഭോസ്‍ലെയും രവീന്ദ്ര ജെയ്നും എല്ലാം മലയാളത്തിൽ വിരലടയാളം കുറിച്ചവർ. കൂടാതെ ബോംബെ രവി രണ്ടു വർഷം മുമ്പ് പഞ്ചാഗ്നിയിലൂടെ തരംഗം സൃഷ്ടിച്ചു നിൽക്കുന്നു.

പക്ഷേ, നൗഷാദ് സാബ് തീർത്തുപറഞ്ഞു, സാധ്യമല്ല. അറിയാത്ത ദുഷ്കരമായ ഭാഷയിൽ സംഗീതം പകരാൻ നിവൃത്തിയില്ല. അർഥമറിഞ്ഞേ ഈണമിടൂ എന്നായി. പിന്നീട് യൂസഫലി സാബിൻെറ ഏറെ നേരത്തെ അഭ്യർഥനക്കു വഴങ്ങി അദ്ദേഹം ഒരു ഈണമിട്ടു. യമൻ കല്യാണി രാഗത്തിൽ...

മുഖ്ഡാ (പല്ലവി) എഴുതി പറഞ്ഞു സാബ്. നിമിഷങ്ങൾക്കുള്ളിൽ 'ജാനകീ ജാനേ...' പിറന്നു. പിന്നെയെല്ലാം ചരിത്രം. ഹബ്ബാ ഖാത്തൂൻ. 1980ൽ ആണ് നൗഷാദ് ഈ കശ്മീരി ചിത്രത്തിനുവേണ്ടി ഒരു ഗസൽ രൂപപ്പെടുത്തുന്നത്. തൻെറ ഇഷ്ടഗായകനെക്കൊണ്ട് തന്നെ 'ജിസ് രാത് കേ ക്വാബ് ആയെ...' എന്നു തുടങ്ങുന്ന ഗാനം പാടിച്ചു. പട്ദീപ് രാഗത്തിലുള്ള ഗാനം പാടിക്കഴിഞ്ഞപ്പോൾ റഫിയുടെ കണ്ണ് നനഞ്ഞിരുന്നു. ജനാബ്... എന്തുകൊണ്ട് ഇത്തരം ഹൃദയസ്പൃക്കായ ഗാനങ്ങൾ ഇപ്പോഴൊന്നും ഉണ്ടാകുന്നില്ല. റഫിയുടെ ചോദ്യത്തിന് സാബ് പറഞ്ഞത്, അതു ഹൃദയത്തിൽനിന്ന് സൃഷ്ടിക്കപ്പെടാത്തതിനാലെന്നായിരുന്നു. എത്ര നിർബന്ധിച്ചിട്ടും പ്രതിഫലം റഫി വാങ്ങിയില്ല. ഈ ഗാനം തന്ന നിർവൃതിയാണെൻെറ പ്രതിഫലം. ഞാനിതെൻെറ പ്രേക്ഷകർക്ക് സമർപ്പിക്കുന്നു. അൽവിദാ നൗഷാദ് സാബ്... അൽവിദാ (വിട തരൂ), അറം പറ്റിയോ. ദിവസങ്ങൾക്കുള്ളിൽ റഫി സാബ് നമ്മെ വിട്ടുപോയി.

ഹബ്ബാ ഖാത്തൂൻ എന്ന റിലീസാകാത്ത കശ്മീരി ചിത്രത്തിലെ ആ ഗാനം 'ധ്വനി'യിലൂടെ നൗഷാദ് സാബ് നമുക്ക് സമ്മാനിച്ചു. 'അനുരാഗലോലഗാത്രി വരവായി നീല രാത്രി...' എന്ന വേളാവാലി രാഗത്തിലുള്ള ഗാനം യൂസഫലിയുടെ മാന്ത്രിക തൂലിക കൃത്യമായി അതിമനോഹരമായ എക്കാലത്തെയും മികച്ച അനുരാഗഗാനം സമ്മാനിച്ചു.



ഷാറൂഖ് ഖാനുമൊത്ത്



ലതാമങ്കേഷ്കറിനൊപ്പം

ഗന്ധർവൻെറയും കോകിലത്തിൻെറയും നാദമാധുരിയിലൂടെ അവിസ്മരണീയമായി. ആ മനസ്സിലെ മിഠായി ഇന്നും നുണഞ്ഞു തീർന്നില്ല... തീരില്ല മുപ്പതു വർഷത്തിനിപ്പുറവും. അൽവിദാ നൗഷാദ് സാബ്, അൽവിദാ റഫിസാബ്, അൽവിദാ പ്രിയപ്പെട്ട യൂസഫലി... ●



വാരാദ്യമാധ്യമത്തിലേക്കുള്ള കത്തുകൾ വാട്സ്ആപ് വഴിയും രചനകൾ ഇ-മെയിലിലൂടെയും അയക്കാം.

whatsapp: 9645006105, e-mail: varadyam@madhyamam.in
തപാൽ വിലാസം: പത്രാധിപർ, വാരാദ്യമാധ്യമം, വെള്ളിമാട്കുന്ന്,പി.ഒ. കോഴിക്കോട് -12

## കത്തുകൾ

### നീന്തൽ പാഠ്യപദ്ധതിയുടെ ഭാഗമാക്കണം

നീന്തൽ പാഠ്യപദ്ധതിയുടെ ഭാഗമാക്കണം എന്നത് ഒരു പുതിയ ആവശ്യമൊന്നുമല്ല. പക്ഷേ, മുങ്ങിമരണം നിത്യസംഭവമാകുമ്പോൾ ഇതിങ്ങനെ ആവർത്തിക്കുകയല്ലാതെ നിർവാഹമില്ല. ഒരു നീന്തൽ വിദഗ്ധൻെറ ജീവിതം അവതരിപ്പിച്ച രക്ഷാഹസ്തം എന്ന ഫീച്ചർ പലതലങ്ങളിൽ വേറിട്ടുനിൽക്കുന്നു. മുമ്പൊരിക്കൽ ഒരു മോർച്ചറി ജീവനക്കാരൻെറ ജീവിതം വാരാദ്യ മാധ്യമം തന്നെ ഫീച്ചർ ആക്കിയത് ഓർക്കുന്നു. ഇത്തരം അധികമാരുടെയും ശ്രദ്ധയിൽപെടാതെ കിടക്കുന്ന ജീവിതങ്ങളെ നമുക്ക് മുന്നിൽ എത്തിക്കാൻ വാരാദ്യ മാധ്യമം പ്രത്യേക ശ്രദ്ധ എടുക്കുന്നുണ്ട്. ലേഖകനും വാരാദ്യ മാധ്യമത്തിനും അഭിനന്ദനങ്ങൾ.
ടി.പി. ശാന്തകുമാരി, മൈലങ്ങാടി, പാലക്കാട്

### പാഠമാണ് ആ ജീവിതം

രക്ഷാഹസ്തം (ലക്കം 1545) എന്ന ഫീച്ചറിലൂടെ ഷൊർണൂരുകാരുടെ ജനപ്രിയൻെറ കഥ വായനക്കാർക്ക് സമ്മാനിച്ച പ്രിൻസ് കെ. ഹരിദാസിന് ആശംസകൾ. രാമകൃഷ്ണൻെറ ജീവിതം ശരിക്കും ഒരു പാഠം തന്നെയാണ്. അദ്ദേഹത്തെപ്പോലുള്ളവരെ കേരളത്തിന് ആവശ്യമാണ്, മുങ്ങിമരണങ്ങൾ കൂടുന്ന ഈ കാലത്ത്.
ഷാനിൽ മെത്രീസ്, മലപ്പുറം

### ഓർമയിൽ നിലനിൽക്കുന്ന ലക്കം

ജനുവരി ഏഴിലെ വാരാദ്യ മാധ്യമം മറക്കാനാകാത്ത ഒന്നായി. പ്രായം തളർത്താത്ത മെയ്ക്കരുത്തും മനക്കരുത്തുമായി ഒഴുകും തീരങ്ങളിൽ കാരുണ്യ ഉറവ തീർത്ത രാമകൃഷ്ണനെക്കുറിച്ച ലേഖനം ഗംഭീരമായി. പ്രിൻസ് കെ. ഹരിദാസിൻെറ 'രക്ഷാഹസ്തം' വേറിട്ട ഒന്നായി. പ്രിൻസ് കെ. ഹരിദാസിനും വാരാദ്യ മാധ്യമത്തിനും അഭിനന്ദനങ്ങൾ.
റഹീം കെ. പറവന്നൂർ

### കുട്ടികൾ വായിക്കേണ്ട പുസ്തകം

കുട്ടികൾ എന്ത് വായിക്കുന്നു എന്നത് പ്രധാനമായതാണ്. വാരാദ്യ മാധ്യമം 1545ൽ എ.പി. കുഞ്ഞാമുവിൻെറ നന്മയുടെ പെരുന്നാൾ എന്ന പുസ്തകം വായനക്കെടുത്തത് ഉചിതമായി. കുട്ടികൾക്കുവേണ്ടി എഴുതുന്ന പല വലിയ എഴുത്തുകാരുടെ പുസ്തകത്തിൽ പോലും സ്ഖലിതങ്ങൾ കാണാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ, ഈയടുത്ത് വായിച്ച തിന്മകൾക്കെതിരെ പൊരുതുന്ന ഒരു നല്ല ബാലസാഹിത്യമായിരുന്നു നന്മയുടെ പെരുന്നാൾ. ഇത് ചർച്ചക്കെടുത്തതിന് അഭിനന്ദനങ്ങൾ.
പി.സി. ഷൗക്കത്ത്, വള്ളിയോത്ത്

### അഭിനന്ദനങ്ങൾ

അന്തരിച്ച മുൻ ഇന്ത്യൻ ഫുട്ബാൾ താരം സി. ജാബിറിനെക്കുറിച്ചുള്ള മകളുടെ ഓർമക്കുറിപ്പ് (ലക്കം 1543) വായിച്ചു. സ്വന്തം പിതാവിനെ ഇത്രയധികം സ്നേഹിച്ച മകളെയും മക്കളെയും കുടുംബത്തെയും സ്നേഹിച്ച പിതാവിനെയും പറ്റി വായിച്ചറിയുന്നതിലുപരി നേരിൽ കാണുകയായിരുന്നു. കണ്ണീരോടെയാണ് വായിച്ചുതീർത്തത്. ഒരു നാടിനെത്തന്നെ നെഞ്ചേറ്റിയ പൊലീസ് ഉദ്യോഗസ്ഥനായ ജാബിറിന് അർഹിക്കുന്ന അംഗീകാരമാണ് സർക്കാർ നൽകിയത്. ഓഖി ദുരന്തത്തിൽ കടലിൽ കാണാതായവരുടെ കുടുംബങ്ങളെപ്പറ്റിയും വായിച്ചു. ലോകം ക്രിസ്മസ് ആഘോഷിക്കുമ്പോൾ ഉറ്റവരെയും ഉടയവരെയും കാത്ത് ഉമ്മറത്ത് കടലിലേക്ക് കണ്ണുംനട്ടിരിക്കുന്ന പിഞ്ചോമനകളുടെയും കുടുംബത്തിൻെറയും മുഖം മനസ്സിൽനിന്ന് മായുന്നില്ല. ജിഷ എലിസബത്ത് വളരെയധികം ഹൃദയസ്പൃക്കായി ആ ഫീച്ചർ എഴുതി.
ഇസ്മായിൽ പേരാമ്പ്ര

കഥ

# സെൽഷ്യസ്

നിധീഷ് നടേരി



● ചിത്രീകരണം: ഷബ്ന സുമയ്യ

കരിവാളിച്ചുകിടന്ന പറങ്കിമാവുകൾക്കിടയിലെ വിളറിയ മണ്ണ് തെളിച്ച വഴിയിലൂടെ മാരു വേഗം നടന്നു. മാച്ചു തുണിത്തൊട്ടിലിൽനിന്ന് ഉണർന്ന് നെലോളിക്കും മുമ്പ് തിരിച്ചെത്തണം. വായ്ക്ക് പിടിക്കുന്നതെന്തെങ്കിലും ചേർത്ത് കൊടുത്താലേ അവൻ പള്ളനിറയെ കഞ്ഞി കുടിക്കൂ.

മാരുവിൻെറ മകൾ മണിതങ്കയുടെ മകനാണ് മാച്ചു. ഇച്ചിരി നെഗളിപ്പുകൂടിയ ചിന്നപ്പന് മണിതങ്കയെ കെട്ടിച്ചുകൊടുത്തതിൽ മാരുവിന് ഈ വയസ്സുകാലത്ത് ഖേദം കൂടിവരുന്നുണ്ട്. മണിതങ്കക്കു കൊടുത്ത മലഞ്ചരിവിലെ നെലം വിറ്റ് ചിന്നപ്പൻ പത്രാസ്സുള്ളിടത്തേക്ക് മാറി. റോഡ് വെല്തായപ്പം അവരുടെ സ്ഥലം പോയി. മാച്ചുവിനെ കിണറ്റിലിട്ട് ഒരു വേനലിൽ രണ്ടാളും വിഷം കുടിച്ച് ചത്തു. വേനൽ ബാക്കിയാക്കിയ മാച്ചു മാരുവിനൊപ്പമായി.

പണി കുറവാണ് മാരുവിനിപ്പം. പ്രാച്ചിക്കുന്നിൻെറ പകുതിയോളം പണ്ട് ത്രേസ്യാ ടീച്ചറിൻെറ നെലമായിരുന്ന കാലത്തായിരുന്നു പണി. ചരിവുനീളെ കവുങ്ങുകളിങ്ങനെ കയറി കയറി പോയിരുന്നു. അതിനെ ചുറ്റി കുരുമുളകും ചുവട്ടിൽ ഏലവും ഇഞ്ചിയും. കുരുമുളകു വിളഞ്ഞു തുടങ്ങിയാ കവുങ്ങോട് കവുങ്ങ് കയറി തിരി നുള്ളി ത്രേസ്യാ ടീച്ചറുടെ ഇറ്റാടൻ വീട്ടിലെ കോലായിൽ കൂട്ടിയിടും. തിരി ചവിട്ടി മെതിച്ച് മണികളാക്കി ഉണക്കി ചാക്കിലാക്കുന്നതുവരെ എല്ലാം മാരുവായിരുന്നു.

ത്രേസ്യാ ടീച്ചറുടെ സ്ഥലം കഴിഞ്ഞാൽ പിന്നെയും പിന്നെയും കാടാണ്. അതിലൂടെ ഒഴുകിയാണ് തൃത്താറ് താഴേ ചരിവിലേക്ക് കുതിച്ചത്. കാടു കേറി നടക്കുമ്പോൾ മാരു അവരുടെ പാട്ട് പാടും.

കാടേ തണുപ്പേ പച്ചക്കൊലപ്പേ
കാലുവെച്ചോട്ടെ കയ്യ് തൊട്ടോട്ടെ
പള്ളപ്പയിപ്പൊന്ന് പോക്കാൻ
തേനും തളിരും കായും താ

തിരികെ വരുമ്പോ തേനും കാട്ടുചേമ്പും നെല്ലിക്കയും മരുന്നായ മരുന്നുകളും തുണിക്കെട്ടിലാക്കും മാരു. ഉൾക്കാട്ടിലെ നണുത്ത പാറച്ചെരിവുകളിലാണ് ഗരുഡപ്പച്ച അള്ളിപ്പിടിച്ചു കിടന്നത്. ത്രേസ്യാ ടീച്ചർക്കും തളർവാതം വന്ന ബെപ്പോച്ചനും ഗരുഡപ്പച്ച വേണമായിരുന്നു. അത് ഇളവെയിലിലിട്ട് ഉണക്കുമ്പോൾ കറുത്ത് ചുരുണ്ട് കിടക്കും. തിളച്ച വെള്ളമൊഴിച്ച പാത്രത്തിലേക്ക് ഉണങ്ങിക്കൂടിയ ഒരു പടല ഗരുഡപ്പച്ചയിട്ട് ത്രേസ്യാടീച്ചർ അതിലേക്ക് നോക്കിയിരിക്കും. മെല്ലെമെല്ലെ അത് നൂർന്നുവരും. പാറച്ചരിവിലെ പച്ചനിറമുള്ള പഴയ ഗരുഡപ്പച്ചയായി വിടരും. പാത്രത്തിലെ വെള്ളം ഇളംപച്ചയാവും. ടീച്ചർ അത് ബെപ്പോച്ചനെ കുടിപ്പിക്കും. അവരും കഴിക്കും. ഗരുഡപ്പച്ചപോലെ പഴയ ഉഷാറിലേക്ക് തിരികെ പോകാനായെങ്കിലെന്ന് ഇപ്പോൾ മാരുവിന് തോന്നാറുണ്ട്.

മാച്ചു ഉണർന്ന് കരഞ്ഞാ വിളികേൾക്കാൻ താനല്ലാതെ ഒരു ഉടയവനുമില്ലല്ലോ എന്ന ആധിയിൽ അയാൾ അറിയാതെ ഓടിപ്പോവുന്നുണ്ടായിരുന്നു. പണ്ട് തൃത്താറ് കുത്തിയൊഴുകിയ വഴിയിലെ ഉരുളൻ കല്ലുകളിൽ അയാൾ നന്നേ പാടുപെട്ടു നടന്നുകയറി. ഉരുളൻകല്ലുകൾക്കിടയിൽ പൂഴിത്തരികളിൽ കട്ടുറുമ്പുകളുടെ നിരകളുണ്ടായിരുന്നു. പിന്നെയും നടക്കണമായിരുന്നു തിണ്ടാളൻ പാറയിലേക്ക്.

തിണ്ടാളൻ പാറപ്പുത്തായിരുന്നു കർഷകസംഘത്തിൻെറ ആദ്യ യോഗത്തിന് മാരു പങ്കെടുത്തത്. അത് ത്രേസ്യാ ടീച്ചർക്ക് ഒട്ടും ഇഷ്ടപ്പെട്ടിരുന്നില്ല. തിണ്ടാളൻ പാറയിപ്പോൾ പഴയ പടിയില്ല. പൊടിച്ചു കഷണങ്ങളാക്കി പല വഴികളിലേക്ക് പോയി.

ത്രേസ്യാ ടീച്ചർക്കുശേഷം മകൻ മാത്തുണ്ണി കോൺട്രാക്ടർ വന്നതോടെ മലഞ്ചരിവിലെ കൃഷി നിർത്തി. വലിയ ലാഭത്തിനത് മറ്റാരോ സ്വന്തമാക്കി. മലഞ്ചരിവ് നിരപ്പാക്കുന്ന പണിക്ക് ജെ.സി.ബി ആദ്യമായി നാട്ടിൽ വന്നു. പുറംപണിക്ക് സഹായിയായി മാരുവും കൂടി. വലിയ കെട്ടിടങ്ങൾ വന്നതോടെ അവിടെ മാരുവിൻെറ ആവശ്യമില്ലാതായി. കാട് ഏറെ ദൂരത്തേക്ക് ഓടിയോടിപ്പോയി.

തിണ്ടാളൻ പാറക്കെട്ടിൽ വെള്ളം നീലിച്ച് കിടന്നു. പാറയുടെ നെടുങ്കൻ ചുമരുകൾക്കുള്ളിൽ തിരയിളക്കമില്ലാതെ നിഴലില്ലാതെ വെള്ളപ്പരപ്പ്. മാരു ചൂണ്ടക്കൊളുത്തിൽ ആലിൻെറ കായ കൊരുത്തിട്ടപ്പോൾ നിശ്ചലതയിൽ ആദ്യത്തെ ഓളമിളകി. പാറക്കെട്ടിലെ പടവിൽ കൊത്തിവെച്ച കൽപ്രതിമപോലെ മാരു ഏകനായി ചൂണ്ടയിൽ ഒരു പ്രതികരണത്തിനു കാത്തിരുന്നു. മുഴുവിൻെറ കുട്ടിയാണെങ്കിൽ മാച്ചുവിന് പൊരിച്ചുവെക്കാം. മുരിങ്ങയിലയും തേങ്ങയും ചുവന്നുള്ളിയും അവന് മടുത്തിരിക്കുന്നു. ഒരു വലിയിൽ മുഴു കയറി വന്നു. അവനെ പാളനാരിൽ കോർത്തിട്ട് പിന്നെയും മാരു ചൂണ്ടയെറിഞ്ഞു. മുഴു പാറയുടെ ചൂടിൽ കറിച്ചട്ടിയിലെന്നപോലെ പിടച്ചു.

രണ്ടാമത്തെ മീനിനായി മാരു ധ്യാനനിരതനായി. ഒരു വൈകുന്നേരം പയ്യിനെ തെളിച്ചു വരുമ്പം അയാൾക്ക് ഉണ്ണീരയെ ഉമ്മവെക്കണമെന്ന് തോന്നിയത് തിണ്ടാളൻ പാറയുടെ നിഴൽതണുപ്പിലായിരുന്നെന്ന് അയാളോർത്തു. വസൂരിപ്പുരയിൽ അവൾ ദഹിച്ചുതീരുമ്പോൾ പൊള്ള്ന്നച്ചാ പൊയേല് പോണം എന്ന് മണിതങ്കയെന്ന മൂന്നു വയസ്സുകാരി വാശിപിടിച്ചതും അയാളോർത്തു.

മാരുവിന് വിറയലുണ്ടായി. തൊണ്ടയിൽ ഒരിറ്റിറക്കാൻ വെള്ളമില്ല. പാറക്കെട്ടും നീലവെള്ളവും മുഴുച്ചാട്ടവും മങ്ങിമങ്ങി പോവുന്നു. പുറത്ത് കാൽവള്ളയിലും തോൽ വലിഞ്ഞുമുറുകി കാട്ടുമുള്ളു വാറിയപോലെ പൊട്ടുന്നു. മാരു പാറപ്പടവിൽ മലർന്ന് വീണു കിടന്നു പിടച്ചു. സൂര്യൻ മേലെ പതിവിലും കത്തിയാളി അത് നോക്കിനിന്നു. അയാൾക്കൊപ്പം മുഴുവും പിടച്ചുപിടച്ച് തളർന്നു. ഗരുഡപ്പച്ചപോലെ നീലജലത്തിലേക്ക് സ്വയമെടുത്തിടാൻ അവസാന ശ്വാസത്തിലും അയാൾക്ക് തോന്നി. ●

കവിത


ബിനോയ് കുറ്റുമുക്ക്

## വിത്ത്

വള്ളികൾ മുറിച്ച്
ശിഖരങ്ങൾ അടർത്തി
വേരുകൾ പിഴുതെടുക്കുമെന്ന്
ഉടൽ അറിഞ്ഞതിനാലാണ്,
മുളയുടെ കാര്യത്തിൽ
വിത്ത്
മണ്ണിനോടും ജലത്തിനോടും
ഋതുക്കളോടും സൂര്യനോടും
തർക്കിച്ചത്.

## അമ്മക്കലണ്ടർ

ഒന്നും മുപ്പത്തിയൊന്നും
കൂട്ടിമുട്ടിക്കുന്ന ഒളിമ്പിക്സ്.
ചേറും കരിയും വെണ്ണീറും കലർന്ന
ഞാറ്റുവേല.
വട്ടം വരച്ച് വരച്ച്
അദൃശ്യമായ അമാവാസി.
നിലാവുതരാത്ത
പൗർണമി!



# സർഗസമരത്തിൻെറ സത്യവാങ്മൂലം


**ഹൃദയത്തിൽ സ്പർശിക്കാനാവാതെ പോവുന്ന സുഷിരങ്ങൾവീണ സംഭാഷണങ്ങളും എന്തിനെന്നറിയാത്ത തിരക്കും പണത്തിലൊഴിച്ച് മറ്റൊന്നിലും പുളകംകൊള്ളാനാവാത്ത മാനസികാവസ്ഥയും മനുഷ്യപ്പറ്റെന്തെന്നറിയാത്ത നിയമവും പൊളിച്ചടുക്കുന്നത് മനുഷ്യത്വത്തെയാണ്. ഒത്തുചേരലും സൗഹൃദവുംപോലും കുറ്റകൃത്യമാവുന്നൊരു രുധിരകാലമാണ് നോവലിൻെറ വിചാരണക്ക് വിധേയമാവുന്നത്**

ഇടപെടൽ

കെ.ഇ.എൻ



ഭക്ഷണമില്ലാത്തതുകൊണ്ട് മരിക്കുന്നവർ എന്ന അതിദരിദ്രവിഭാഗത്തിനൊപ്പം, സ്വന്തം ഭക്ഷണം കഴിക്കുന്നതിനാൽമാത്രം കൊല്ലപ്പെടുന്നവർ എന്ന ഒരു പുതിയ വിഭാഗവും ഇന്ന് ഇന്ത്യാചരിത്രത്തിൻെറ ഭാഗമായി മാറിയിരിക്കുന്നു. മരിക്ക സാധാരണമീവിശപ്പിൻ മരിക്കലോ നമ്മുടെ നാട്ടിൽമാത്രം എന്ന് മുമ്പ് വള്ളത്തോൾ എഴുതിയെങ്കിൽ; ഇന്ന് അതോടൊപ്പം, ഒരു പ്രത്യേക ഭക്ഷണം കഴിച്ചതിൻെറ മാത്രം പേരിൽ മരണശിക്ഷക്കു വിധേയമാകുന്ന മനുഷ്യരെക്കുറിച്ചുകൂടി പുതിയ കാലത്തെ കവികൾ എഴുതാൻ നിർബന്ധിതരാവുന്നു. 'ഒരു സ്വാദുനോട്ടക്കാരൻെറ ഭക്ഷണപര്യവേക്ഷണങ്ങൾ' എന്ന വിനു എബ്രഹാമിൻെറ ലഘുനോവൽ, അത്തരമൊരവസ്ഥക്കെതിരായ സർഗസമരത്തിൻെറ സത്യവാങ്മൂലമാണ്. സാമാന്യബോധമായി മാറിയ അധികാരവ്യവസ്ഥക്കെതിരായ സൂക്ഷ്മപ്രതിരോധമെന്ന നിലയിലാണ് വിനു എബ്രഹാമിൻെറ നോവൽ, സമകാലിക ആവിഷ്കാരങ്ങൾക്കിടയിൽ ശ്രദ്ധേയമായിത്തീരുന്നത്. ശിഥിലമാവുന്ന മനുഷ്യബന്ധങ്ങളുടെ ആഴമാണ്, പങ്കശാപ്പ് എന്ന ആശയപ്രയോഗത്തിലൂടെ നോവലിസ്റ്റ് അന്വേഷിക്കുന്നത്. ഊട്ടിയുറപ്പിക്കാൻപോലും കഴിയാതാവുന്ന വിധത്തിൽ, അടുപ്പങ്ങൾക്കിടയിൽ അറിയാതെ വളർന്നുകൊണ്ടിരിക്കുന്നത് അകൽച്ചകളുടെ മുരൾച്ചകളാണ്.



വിനു എബ്രഹാം

ഹൃദയത്തിൽ സ്പർശിക്കാനാവാതെ പോവുന്ന സുഷിരങ്ങൾവീണ സംഭാഷണങ്ങളും എന്തിനെന്നറിയാത്ത തിരക്കും പണത്തിലൊഴിച്ച് മറ്റൊന്നിലും പുളകംകൊള്ളാനാവാത്ത മാനസികാവസ്ഥയും മനുഷ്യപ്പറ്റെന്തെന്നറിയാത്ത നിയമവും പൊളിച്ചടുക്കുന്നത് മനുഷ്യത്വത്തെയാണ്. ഒത്തുചേരലും സൗഹൃദവുംപോലും കുറ്റകൃത്യമാവുന്നൊരു രുധിരകാലമാണ്, നോവലിൻെറ വിചാരണക്ക് വിധേയമാവുന്നത്. സമ്പന്നതകൾക്കിടയിലെ ദാരിദ്ര്യത്തെയല്ല, അതിനേക്കാൾ ഭീകരമായൊരു ശൂന്യതയെയാണ് നോവൽ സൂക്ഷ്മമായി പിന്തുടരുന്നത്. പട്ടിണിയായ മനുഷ്യനോട് പുസ്തകം കൈയിലെടുക്കാൻ പറയാൻ കഴിയുംവിധമുള്ള ഒരു സമരോത്സുകപ്രതീക്ഷ മുമ്പുണ്ടായിരുന്നു. എന്നാൽ, ആഗോളീകരണാനന്തര കാലത്തിൻെറ മുറിവിന് മരുന്നാകാൻ പുസ്തകത്തിന് ആവില്ലെന്ന, ഉള്ളം തകർക്കുന്ന തിരിച്ചറിവാണ്; മനുഷ്യരുടെ പ്രതീക്ഷകൾകൂടി ഭക്ഷിച്ചാണ് മൂലധനശക്തികൾ വ്യാജസ്വപ്നങ്ങൾ അവർക്കുമേൽ അടിച്ചേൽപിക്കുന്നതെന്ന നടുവൊടിക്കുന്ന നടുക്കമാണ് നോവലിൽ ഒരു നിലവിളിയോടെ നിറയുന്നത്. മനുഷ്യരെ മനുഷ്യരാവാൻ അനുവദിക്കാത്ത സർവ അൽപത്തരങ്ങൾക്കുമെതിരെയുള്ള കലഹമാണ് ഒരു സ്വാദുനോട്ടക്കാരൻെറ ഭക്ഷണപര്യവേക്ഷണങ്ങളെ കരുത്തുറ്റതാക്കുന്നത്. ഭക്തിപ്രസ്ഥാനവും നവോത്ഥാനവും, കർഷകരും തൊഴിലാളികളും നിർവഹിക്കുന്ന ഇടപെടലുകളും ഉഴുതുമറിച്ചിട്ടും, ഒരുതരം പ്രച്ഛന്ന ആഭിജാത്യത്തോട് ഇന്നും മധ്യവർഗ മലയാളി സമൂഹത്തിന് കണക്കുതീർക്കാൻ കഴിഞ്ഞിട്ടില്ല.


ആഭിജാത്യധ്വംസനസഭയെന്ന പേരിൽ സവർണ സമൂഹത്തിൽനിന്നുതന്നെ ഒരു സംഘടനപോലും കേരളത്തിൽ രൂപംകൊള്ളുകയുണ്ടായി. എന്നിട്ടും തറവാട്ടുമഹിമാബോധം നമ്മെ സാംസ്കാരികമായി എവ്വിധം തളർത്തുന്നുവെന്ന്, വിനു എബ്രഹാമിൻെറ നോവൽ നമ്മെ ബോധ്യപ്പെടുത്തും. ഒത്തുചേരൽ അസാധ്യമാക്കുംവിധം ഒളിച്ചുകളിക്കുന്ന ഒരു തീപിടിച്ച കാലമാണ്, പേരിടാനാവാത്ത ഒരദൃശ്യസാന്നിധ്യമായി നോവലിൽ ഭീമാകാരമാർജിക്കുന്നത്. ലാഭനഷ്ടങ്ങൾക്കിടയിൽ ചിതറുന്ന ആഗോളജീവിത മാതൃകക്കെതിരെ, നിസ്സഹായനായൊരു മനുഷ്യൻ നിർവഹിക്കുന്ന ചെറുത്തുനിൽപിൻെറ പരാജയത്തെയാണ്, നോവലിലെ കേന്ദ്രകഥാപാത്രമായ കൊച്ചുമ്മൻെറ ജീവിതം പ്രതിനിധാനംചെയ്യുന്നത്. എന്നാൽ, മാനവിക മൂല്യങ്ങൾക്ക് വീര്യവിസ്മയങ്ങളുടെ ഉണർവ് നൽകുന്നത് കൊച്ചുമ്മൻെറ ആ പരാജയം മാത്രമാണെന്നതാണ്, നോവലിന് ഉൾക്കരുത്തേകുന്നത്. തെറ്റായ വഴികളിലൂടെയുള്ള വിജയത്തേക്കാൾ, ശരിയായ വഴികളിൽ സംഭവിക്കുന്ന പരാജയങ്ങൾതന്നെയാണ് ശ്രേഷ്ഠം എന്ന അത്ര പുതുതല്ലാത്ത എന്നാൽ എന്നും പുതിയതായ തത്ത്വമാണ്, നോവലിൽ അനുഭൂതിയായി തളിർക്കുന്നത്. മനുഷ്യത്വസ്വാദിൻെറ മധുരവും നിർവൃതിയുമാണ് ഒരു സ്വാദുനോട്ടക്കാരൻെറ ഭക്ഷണപര്യവേക്ഷണങ്ങൾ ജനാധിപത്യത്തിന് വെട്ടേറ്റുകൊണ്ടിരിക്കുന്ന ഒരു കാലത്തിൻെറ നടുവിൽനിന്നും കണ്ടെടുക്കുന്നത്.

കേരളത്തിലെ ഒരു തീവണ്ടിയാത്രക്കിടയിൽ, യാദൃച്ഛികമായി രണ്ട് കമ്പനി എക്സിക്യൂട്ടിവുകളായ ചെറുപ്പക്കാരുടെ സംഭാഷണം കേൾക്കാനിടയായി. സംഭാഷണത്തിനിടയിൽ, ഒരു കോളക്കമ്പനി എക്സിക്യൂട്ടിവെന്ന് എനിക്ക് മനസ്സിലായ ചെറുപ്പക്കാരൻ അപരനോട് പറയുന്നു, ഭൂമിയിൽ ആരും പച്ചവെള്ളം കുടിക്കാനില്ലാത്ത ഒരു കാലം വരണം, പകരം എല്ലാവരും ഞങ്ങളുടെ കോള കുടിക്കണം. ഇതാണ് കമ്പനിയുടെ അൾട്ടിമേറ്റ് ടാർഗറ്റ്. പച്ചവെള്ളത്തേക്കാൾ നല്ലത് കോളയാണെന്ന് കരുതി അത് മാത്രമുപയോഗിക്കുന്ന കാലം വരണം. എൻെറ ജീവിതത്തിൽ ഞാൻ കേട്ടിട്ടുള്ളതിൽവെച്ച് ഏറ്റവും നരകീയവും പൈശാചികവുമായ ഏതാനും വാക്കുകളായിരുന്നു അത്. ഭൂമിയിലെ എല്ലാ ജൈവികതയെയും നശിപ്പിച്ച്, ജീവിതത്തെതന്നെ ഒരു കൃത്രിമവ്യവഹാരമാക്കുന്ന പൈശാചികമായ കമ്പോളവ്യവസ്ഥയുടെ ആക്രാശവും ആർത്തിയും ഞാനാ വാക്കുകളിൽ കേട്ടു. തുടർന്നുള്ള ദിനങ്ങൾ ഞാനനുഭവിച്ചുകൊണ്ടിരുന്ന അസ്വസ്ഥതയിലേക്ക്, എങ്ങനെയെന്ന് അറിഞ്ഞുകൂടാ, ഒരു മഹാനഗരത്തിലെ ആ ശീതക്കാറ്റ് ആഞ്ഞുവീശാൻ തുടങ്ങി. കൃത്യമായ ഒരു കഥയും കഥാപാത്രങ്ങളും ഉരുവംകൊള്ളാൻ തുടങ്ങി. അതിഥി ദേവോ ഭവഃ അങ്ങനെ പിറന്നു. (കൊടും ശീതക്കാറ്റുകൾ വീശുമ്പോൾ: ഓർമ/ വിനു എബ്രഹാം)

ജീവജലം വെറും കോളജലം ആവുന്ന വിപര്യയമാണ്, ഉൾക്കിടിലമുണ്ടാക്കുംവിധം അതിഥി ദേവോ ഭവഃ ആവിഷ്കരിക്കുന്നത്. പുണ്യശാലി നീ നീ പകർന്നിടുമീ തണ്ണീർതന്നുടെയോരോരോ തുള്ളിയും നിന്നുടെ അന്തരാത്മാവിലർപ്പിക്കുന്നുണ്ടാവാം ആയിരമായിരം സുകൃതഹാരങ്ങൾ എന്ന് കുമാരനാശാൻ ഹൃദ്യമാംവിധം സാക്ഷ്യപ്പെടുത്തിയ ആ തണ്ണീരാണ് ചന്തയിൽ വെറുമൊരു വിപണനവസ്തു മാത്രമായി തുലയുന്നത്. ആഗോളീകരണം കടന്നുവരുന്നതിനും എത്രയോമുമ്പെഴുതപ്പെട്ട കിഷൻചന്ദിൻെറ മണൽകൊട്ടാരം എന്ന നോവലിലാണ്, വെള്ളംവിൽപനയുടെ കഴുകൻകൊക്കുകൾ ഞാനാദ്യം കണ്ടത്.


തീവണ്ടി മരുഭൂമിയിൽ നിന്നുപോയപ്പോൾ, ആ സന്ദർഭം കുടിവെള്ളവിൽപനക്കുള്ള ഒന്നാന്തരം സന്ദർഭമായി തീരുകയായിരുന്നു. അന്ന് നെഞ്ചിടിപ്പോടെയാണ് ആ നോവൽ വായിച്ചുതീർത്തത്. എത്രയോ വർഷങ്ങൾക്കുശേഷം, അതിഥി ദേവോ ഭവഃ വായിക്കുമ്പോഴും സമാനമായൊരനുഭവമാണ്, ഒരുപക്ഷേ അതിലും തീവ്രമായി അനുഭവിക്കുന്നത്. പുറത്തും അകത്തും രൂപംകൊള്ളുന്ന വരൾച്ചയാണ്, സാധ്യതതന്നെ ബാധ്യതയാകുന്നൊരവസ്ഥയാണ്, പ്രകൃതിയുടെ ഭാഗമായിരിക്കെ, പ്രകൃതിയിൽനിന്ന് വലിച്ചെറിയപ്പെടുന്ന പിടച്ചിലാണ് നോവൽ പങ്കുവെക്കുന്നത്. അതിഥി ദേവോ ഭവഃ എന്ന പഴയ സൂക്തം, ബ്രാഹ്മണരൊഴിച്ച് മറ്റാർക്കും സ്വാഗതമാശംസിക്കുന്നില്ലെന്ന ചരിത്രസത്യമോർത്താൽ; നോവലിൻെറ പേരുതന്നെ, അതിൻെറ പൊരുളാവുന്നത് തിരിച്ചറിയാനാവും! ●

പുസ്തകം




**ഉള്ളനക്കങ്ങൾ**
**പ്രണയകവിതകൾ**
**ബിജു കാഞ്ഞങ്ങാട്**
**പേജ്: 127, വില: 120.00**
**ഡി.സി ബുക്സ്**

വാക്കും മൗനവും ചേർത്തുനെയ്ത കണിശമായ ആവിഷ്കാരങ്ങളാകുന്ന കവിതകൾ. കവിയുടെ പ്രണയാവിഷ്കാരങ്ങളാണ് ഇവ.




**ലയവിന്യാസം**
**ഡോ. എൻ.പി. വിജയകൃഷ്ണൻ**
**പേജ്: 191, വില: 250.00**
**കലാമണ്ഡലം അപ്പുക്കുട്ടി പൊതുവാൾ മെമ്മോറിയൽ ട്രസ്റ്റ്**

കഥകളി വാദനകലയിലെ അതുല്യപ്രതിഭ ആയിരുന്ന കലാമണ്ഡലം അപ്പുക്കുട്ടി പൊതുവാളുടെ ജീവിതകഥ. ഒരു കാലഘട്ടത്തിൻെറ ചരിത്രം പറയുന്ന കൃതി.



**നിർമാല്യം**
**വെളിച്ചപ്പെട്ടകാലം**
**എഡി: ഡോ. വി. മോഹനകൃഷ്ണൻ**
**പേജ്: 120, വില: 115.00**
**ചിന്ത പബ്ലിഷേഴ്സ്**

കേരളീയ സമൂഹത്തിൻെറ സൂക്ഷ്മ വ്യതിയാനങ്ങളെ അടയാളപ്പെടുത്തിയ നിർമാല്യം എന്ന സിനിമയുടെ അനുഭവങ്ങൾ പുതിയ സാമൂഹിക രാഷ്ട്രീയ പരിപ്രേക്ഷ്യത്തിൽ അന്വേഷിക്കുന്ന പഠനങ്ങൾ.




**ആലീസിൻെറ അത്ഭുതലോകം**
**ലൂയിസ് കരോൾ**
**വിവ: എം.പി. സദാശിവൻ**
**പേജ്: 105, വില: 90.00**
**പാപ്പിയോൺ**

ലോക സാഹിത്യത്തിലെ വിഖ്യാതമായ നോവലിൻെറ സമ്പൂർണ പരിഭാഷ. സാഹിത്യ ചരിത്രത്തിലെ ആദ്യ ഫാൻറസി നോവൽ.



**50 ക്ലാസിക് കൃതികൾ**
**എൻ. മൂസക്കുട്ടി**
**പേജ്: 190, വില: 175.00**
**ലിപി പബ്ലിക്കേഷൻസ്**

സാർവകാലികമായ ലോക ക്ലാസിക് കൃതികളിലൂടെയുള്ള യാത്ര. ക്ലാസിക്കുകളെ സൂക്ഷ്മമായി അറിയാനും സമഗ്രമായി പഠിക്കാനും സഹായിക്കുന്ന കൃതി.



**കരിങ്കൽപ്പൂവ്**
**എൻ. അബ്ദുൽ ഗഫൂർ**
**പേജ്: 104, വില: 125.00**
**ഗ്രീൻ ബുക്സ്**

മനുഷ്യ സ്നേഹത്തിൻെറ തീവ്രതയിൽനിന്ന് രൂപപ്പെടുത്തിയ 16 കഥകൾ. ആത്മസൗരഭ്യങ്ങളുതിർക്കുന്ന രചനകൾ.



**സ്ത്രീ**
**പുരുഷ വീക്ഷണങ്ങൾ**
**എഡിറ്റർ: ഹണി ഭാസ്കരൻ**
**പേജ്: 263, വില: 270.00**
**കൈരളി ബുക്സ്**

വിവിധ മേഖലകളിലുള്ളവർ സ്ത്രീയെക്കുറിച്ച് എഴുതുന്നു. സ്ത്രീ എന്ന പൂർണതയെ പുരുഷൻ എങ്ങനെയാണ് നോക്കിക്കാണുന്നതെന്ന് ബോധ്യപ്പെടുത്തുന്ന പുസ്തകം.



**ഉടുമ്പെഴുത്ത്**
**സുകേതു**
**പേജ്: 102, വില: 100.00**
**ഡി.സി ബുക്സ്**

ആദർശമുള്ള കവിതകളാവുകയാണ് ഇവ. വാക്കുകളും അക്ഷരങ്ങളും വലിയ ദർശനത്തെ പേറുന്ന പോലെ വായനക്കാരന് അനുഭവപ്പെട്ടേക്കും.

● ചിത്രം: ജിതേഷ് കണ്ണൻ

സാന്ത്വനം




യാത്രാസംഘം ഷൊർണൂർ റെയിൽവേ സ്റ്റേഷനിൽ



ജനു. 15
ലോക പാലിയേറ്റിവ് കെയർ ദിനം

# അവസാനിക്കാത്ത പാളങ്ങൾ

**പെൺശലഭങ്ങളുടെ കാഴ്ചകളിലൂടെയും കേൾവികളിലൂടെയുമായിരുന്നു ആ യാത്ര. ആഗ്രഹങ്ങളെയും സ്വപ്നങ്ങളെയും ചക്രക്കസേരയിലിട്ട് ശ്വാസംമുട്ടിക്കാതെ അവർ വാനിലേക്കുയർത്തി. പറന്നുയരാൻ കൊതിക്കുന്ന ചിത്രശലഭങ്ങളെപ്പോലെ. അവരുടെ കണ്ണുകളിൽ ആകാംക്ഷ നിറഞ്ഞിരുന്നു. കൗതുകം തുളുമ്പുന്ന കണ്ണുകളിൽ ആദ്യാനുഭവ നിറവിൻെറ തിളക്കം വ്യക്തമായി കാണാമായിരുന്നു**

ഷഹന ഹുസൈൻ

അന്ന് പാളത്തിലൂടെ ഓടിയ ട്രെയിനിനകത്തും ചക്രങ്ങൾ ഉരുളുന്നുണ്ടായിരുന്നു. അല്ല, ചക്രങ്ങൾക്ക് ചിറകുമുളച്ച് പറന്നുയരുകയായിരുന്നു. തീവണ്ടി ആദ്യമായി അടുത്തു കണ്ടും കേട്ടും അനുഭവിച്ചുമറിഞ്ഞ ഒരു കൂട്ടം പെൺശലഭങ്ങളുടെ കാഴ്ചകളിലൂടെയും കേൾവികളിലൂടെയുമായിരുന്നു ആ യാത്ര. ആഗ്രഹങ്ങളെയും സ്വപ്നങ്ങളെയും ചക്രക്കസേരയിലിട്ട് ശ്വാസം മുട്ടിക്കാതെ അവർ വാനിലേക്കുയർത്തി. പറന്നുയരാൻ കൊതിക്കുന്ന ചിത്രശലഭങ്ങളെപ്പോലെ. അവരുടെ കണ്ണുകളിൽ ആകാംക്ഷ നിറഞ്ഞിരുന്നു. കൗതുകം തുളുമ്പുന്ന കണ്ണുകളിൽ ആദ്യാനുഭവ നിറവിൻെറ തിളക്കം വ്യക്തമായി കാണാമായിരുന്നു. വീൽ ചെയറിൻെറ ഇത്തിരി സ്ഥലത്തേക്ക് ഉൾവലിഞ്ഞ് തങ്ങളുടെ ചെറിയ ആഗ്രഹങ്ങളെപ്പോലും മാനം കാണാതെ ഒളിച്ചുവെക്കുന്ന മയിൽപ്പീലിപോലെ ഇരുട്ടിൽ ഒളിച്ചുവെച്ച് കൊണ്ടുനടന്നവർ. ഗ്രീൻ പാലിയേറ്റിവ് വളൻറിയർമാർക്കൊപ്പം ട്രെയിനിലൊരു യാത്ര പോയാലോ എന്ന് കേട്ടതു മുതൽ ഒരു സ്വപ്നയാത്രക്ക് ഉത്സാഹത്തോടെ കാത്തിരുന്നവർ... അവർ ഒമ്പതു പേരും പരപ്പനങ്ങാടി റെയിൽവേ സ്റ്റേഷനിൽ ഒത്തുകൂടി. ഒപ്പം ഗ്രീൻ പാലിയേറ്റിവിലെ കൂട്ടുകാരും. കാറ്റിനെക്കാൾ വേഗതയിലോടുന്ന മനസ്സ് യാത്രയുടെ ബോഗിയിലേക്ക് ചേക്കേറി. സ്വപ്നങ്ങളെ വാനിലേക്കുയർത്താനുള്ള അദൃശ്യച്ചിറകുകളുടെ സാന്നിധ്യം ഓരോ നിമിഷവും അനുഭവിച്ചറിഞ്ഞു. രാവിലെ എട്ടര മണിക്ക് വൈകിയെത്തിയ ട്രെയിനിൽ പരിഭവമില്ലാതെ അവരിരുന്നു. ആദ്യമായി ട്രെയിനിൽ കയറുന്നതിൻെറ, കൂട്ടുകാർക്കൊപ്പം യാത്ര ചെയ്യുന്നതിൻെറയൊക്കെ ത്രില്ലിലായിരുന്നു അവർ. മുന്നോട്ടുകുതിക്കുന്ന തീവണ്ടിയുടെ ജനലഴികളിലൂടെ പിന്നോട്ടോടുന്ന വഴിയോരക്കാഴ്ചകൾ അവർ നോക്കിയിരുന്നു. നിസ്സാരമായി നമുക്ക് തോന്നുന്ന പലതും അവരുടെ ജീവിതത്തിലെ ഒരുപാട് നാളായുള്ള മോഹങ്ങളായിരുന്നു. ബസിലും ട്രെയിനിലും യാത്ര ചെയ്യാനും ഹോട്ടലിൽ പോയി ഭക്ഷണം കഴിക്കാനും തൂക്കുപാലത്തിൽ കയറാനും അങ്ങനെയങ്ങനെ അവരുടെ 'ഇമ്മിണി ബല്യ' ആഗ്രഹങ്ങളുടെ ലിസ്റ്റ് നീളുന്നു. 'നമ്മളെയൊക്കെ ജീവിതംപോലെ തന്നെ തീവണ്ടിക്കും അതിൻെറതായ ഒരു താളം ഉണ്ട്ല്ലേ?" കുണ്ടൂരിൽനിന്നു വന്ന നുസ്രത്ത് കുതിച്ചോടുന്ന തീവണ്ടിയിൽ ഇരുന്നൊരു വലിയ ചിന്ത പങ്കുവെച്ചു. ജീവിതത്തിൽ ആദ്യമായാണ് അവൾ ട്രെയിനിലും ബസിലും കയറുന്നത്. പരപ്പനങ്ങാടിയിലെ സ്വകാര്യ അക്കാദമിയിലെ ഫാഷൻ ഡിസൈനിങ് വിദ്യാർഥിനിയാണ് നുസ്രത്ത്.

വഴിയിൽ ട്രാക്കിനിരുവശത്തുമായി പരന്നുകിടക്കുന്ന നെൽവയലുകളും താമരക്കുളവും കൺകുളിർക്കെ അവൾ കണ്ടു. മതമൈത്രിക്ക് പേരുകേട്ട താമരക്കുളത്തിൻെറ പ്രത്യേകതകൾ പറഞ്ഞുകൊടുത്തത് വളൻറിയറായ തസ്‍ലീനയായിരുന്നു. ഷൊർണൂർ സ്റ്റേഷനിലെ മൂന്നാം നമ്പർ പ്ലാറ്റ്ഫോമിലിറങ്ങി നിലമ്പൂരിലേക്കുള്ള ട്രെയിൻ കാത്തിരിക്കെ തങ്ങളെ തുറിച്ചുനോക്കുന്ന കണ്ണുകൾക്ക് അവർ ചിരിച്ചുതന്നെ മറുപടി കൊടുത്തു. സിനിമകളിലും മറ്റും മാത്രം കേട്ടുപരിചയമുള്ള 'കാപ്പി കാപ്പി കാപ്പ്യേയ്' എന്ന നീട്ടി വിളി കേട്ടതും ശ്രദ്ധ അവിടേക്കായി. നിങ്ങളോടൊപ്പം ഇവിടെയിരുന്ന് കഴിക്കുന്ന കാപ്പിക്കും വടക്കും വീട്ടിലിരുന്ന് കഴിക്കുന്നതിൻെറ ഇരട്ടി സ്വാദുണ്ടെന്ന് മധുരമായി പറഞ്ഞത് വേങ്ങരയിൽ നിന്നുള്ള സൗഫീലത്തായിരുന്നു.

ഭിന്നശേഷിക്കാർക്ക് സംവരണം ചെയ്ത പ്രത്യേക കംപാർട്ട്മെൻറ് ഉണ്ടായിരുന്നെങ്കിലും റാംപ് ഇല്ലാത്തതിനാൽ കയറുന്നതും ഇറങ്ങുന്നതും ഇത്തിരി സാഹസികമായിരുന്നു. കണ്ണനും അനുവും അഫീഫയും ഹസീനയുമൊക്കെ ചേർന്ന് കസേരയോടെ പൊക്കി കയറ്റിയതുകൊണ്ട് ഒരു ബുദ്ധിമുട്ടും അറിഞ്ഞില്ല.

'കൃഷ്ണഗുഡിയിലെ ഒരു പ്രണയകാലത്ത്' എന്ന സിനിമയിലെ 'പിന്നെയും പിന്നെയും' എന്ന ഗാനം ചിത്രീകരിച്ച വഴിയിലൂടെയാണ് യാത്ര എന്നറിഞ്ഞപ്പോൾ സാജിതാത്ത വീൽ ചെയർ ജാലകത്തോട് ചേർത്ത് പുറത്തെ പച്ചതിങ്ങിയ മനോഹര കാഴ്ചകളിലേക്ക് കണ്ണു നട്ടു.

നിലമ്പൂരിൽ നിറയെ മരങ്ങളാണല്ലേ? എന്ന കൗതുകമാർന്ന ചോദ്യത്തോടെ നൂർജഹാൻ കാറ്റിനു മുഖം കൊടുത്തു. രണ്ടാംവർഷ ഇംഗ്ലീഷ് ബിരുദവിദ്യാർഥിനിയാണ് നൂർജഹാൻ. "മുപ്പത്തേഴ് വയസ്സായി ഇനിക്ക്. ഇതിൻെറ ഇടയിൽ ആദ്യായിട്ടാണ് ട്രെയിനിൽ കയറുന്നത്. ഇതൊന്ന് വേറെതന്നെയാണ്. ഒട്ടും ക്ഷീണം തോന്നിയില്ല" നസീറത്ത പറഞ്ഞു. കൊച്ചിയിൽ പോയി മെട്രോയിൽ യാത്രചെയ്യണമെന്നാണ് നസീറത്തയുടെ അടുത്ത ആഗ്രഹം.

"കുറെ കാലത്തിന് ശേഷാണ് ഒരു യാത്ര പോരുന്നത്; അതും ട്രെയിനില്. 2017 നല്ല രസായിട്ടെന്നെ അവസാനിച്ചു" തിരൂരങ്ങാടിക്കാരി സാബിറത്ത പരിമിതികളെ മറികടന്നു അടുത്ത വർഷം ഒരുപാട് യാത്ര ചെയ്യണമെന്ന തീരുമാനത്തിലാണ്. ഒപ്പം കൂടാൻ ഞാനുമുണ്ടെന്ന് ഉറ്റ കൂട്ടുകാരി റഹ്മത്തിത്തയും. ചെമ്മാട് സ്വന്തമായി ഫാൻസിക്കട നടത്തുകയാണ് സാബിറത്ത. റഹ്മത്തിത്ത അക്കാദമിയിൽ പഠിക്കാൻ ചേർന്നിരുന്നെങ്കിലും യാത്രാ ബുദ്ധിമുട്ടുകാരണം പഠനം പൂർത്തിയാക്കിയില്ല. മുമ്പുള്ള യാത്രകളിൽ ഭയവും ഏകാന്തതയും അപകർഷബോധവും മാത്രമായിരുന്നു കൂട്ടിന്. ഇതിപ്പോ ബസിലും ട്രെയിനിലും നീണ്ട യാത്ര, എല്ലാവരുടെയും സ്നേഹം, സന്തോഷം, പ്രാർഥന... ഗ്രാഫിക് ഡിസൈനിങ് വിദ്യാർഥിനിയായ ബീവിജത്ത സന്തോഷം മറച്ചു വെക്കുന്നില്ല. പാട്ടു പാടിയും കൈ കൊട്ടിയും അന്താക്ഷരി കളിച്ചും തമാശകൾ പറഞ്ഞും പൊട്ടിച്ചിരിച്ചും ആ യാത്ര ഉച്ചക്ക് നിലമ്പൂർ സ്റ്റേഷനിൽ അവസാനിച്ചു.

ട്രെയിനിറങ്ങിയ ശലഭങ്ങൾ പറന്നുപോയത് പൂക്കോട്ടുംപാടത്തെ കതിർ ഫാമിലേക്കായിരുന്നു. പ്രകൃതിഭംഗിയുടെ ഇമ്പമാർന്ന ഗ്രാമീണ ചിത്രമാണ് 'കതിർ'. കതിർഫാമിൽ വെച്ച് കുതിരയെ കണ്ടതും കരിമീൻ പൊള്ളിച്ചത് കഴിച്ചതും പലർക്കും ആദ്യാനുഭവം ആയിരുന്നു. സഫലമീയാത്ര എന്ന് തുവ്വൂര് നിന്നും ഞങ്ങളോടൊപ്പം ചേർന്ന ഡോ.നജിലത്ത സാക്ഷ്യപ്പെടുത്തുന്നു.

കണ്ണും മനസ്സും നിറഞ്ഞ യാത്ര ക്ലിനിക്കിലെ തിരക്കോർത്ത് മാറ്റിവെച്ചിരുന്നെങ്കിൽ തീരാനഷ്ടമായേനെ എന്ന് ഗ്രീൻ പാലിയേറ്റിവ് കൂട്ടായ്മയോടൊപ്പമുള്ള പ്രഥമ യാത്രയുടെ മധുരം നുകർന്ന് നജിലത്ത പറഞ്ഞു. "റാംപില്ലാത്തതിനാൽ ബസിലും ട്രെയിനിലും കയറാനും ഇറങ്ങാനും ബുദ്ധിമുട്ടി. എങ്കിലും മക്കളേ നിങ്ങൾ ഒപ്പമുണ്ടായല്ലോ. ജീവിതത്തിൽ ഒരിക്കലും ഒരു തൂക്കുപാലത്തിലൊന്നും കയറുമെന്ന് വിചാരിച്ചിരുന്നതേയില്ല" -വളൻറിയർമാരായ അനുവിൻെറയും നാഫിയുടെയും കൈകൾചേർത്തുപിടിച്ച് സൈഫുത്ത പറഞ്ഞു. വീടിനുമുന്നിൽ ഓൺലൈൻ സർവിസുകളും ഡി.ടി.പിയും ഫോട്ടോസ്റ്റാറ്റുമൊക്കെ ചെയ്യുന്ന ഒരു ചെറിയ കടയാണ് സൈഫുത്തയുടെ വരുമാന മാർഗം. നിങ്ങൾക്ക് തിരിച്ചുതരാൻ ഞങ്ങളുടെ കൈയിൽ പ്രാർഥനയല്ലാതെ മറ്റൊന്നുമില്ലെന്ന് പറഞ്ഞു നിർത്തിയപ്പോൾ വളൻറിയർമാരായി കൂടപ്പിറപ്പുകളെ പോലെ ഒപ്പം നിന്ന ഓരോരുത്തരും യാത്രാനുഭവത്തിൻെറ മറ്റൊരു മുഖമായിരുന്നു കണ്ടത്.

ഇപ്പോഴും നമ്മുടെ വഴികൾ അവർക്കന്യമാണെന്നുള്ളത് ദുഃഖകരം തന്നെ. യാത്രകൾ അറിവുകൾക്കപ്പുറം തിരിച്ചറിവുകൾ നൽകുന്നു. നമ്മളും ലോകവും എന്താണെന്ന യാഥാർഥ്യം... പുതിയ കാഴ്ചകൾ കാണാൻ, പഴയ കാഴ്ചകൾ പുതുക്കാൻ ചിരികളും സ്നേഹവും പകുത്തു പങ്കുവെക്കാൻ യാത്രകൾ വേണം. പുഴയും കാടും തുരങ്കവും കടന്ന യാത്ര അവസാനിച്ചെന്ന സത്യം അംഗീകരിക്കാത്ത മനസ്സ്, ഏതു യാത്രക്കും തുടക്കമെന്നപോലെ ഒടുക്കവുമുണ്ടെന്ന പ്രകൃതി സത്യം തിരിച്ചറിഞ്ഞ് പിരിയുമ്പോൾ വീണ്ടും ഒന്നിക്കണമെന്ന് പരസ്പരം പറഞ്ഞ് തളരാത്ത സ്വപ്നങ്ങൾ നിറഞ്ഞ മനസ്സും യാത്രയുടെ തീരാത്ത വിശേഷങ്ങളുമായി മടക്കം. തങ്ങളുടെ ശരീരഭാഗമായിത്തീർന്ന ഗ്രീൻ പാലിയേറ്റിവിലെ കൊച്ചനുജന്മാർക്കും അനിയത്തിമാർക്കും ഔപചാരികതയുടെ മൂടുപടമില്ലാത്ത സ്നേഹവും പ്രാർഥനയും എല്ലാം ബാക്കിവെച്ച് അവർ പിരിഞ്ഞു.

മറ്റുള്ളവരുടെ യാത്രാമോഹങ്ങൾ സഫലീകരിക്കാൻ കാരണമാകുമ്പോഴും, മറ്റുള്ളവർക്കുവേണ്ടി യാത്രചെയ്യുമ്പോഴും അനുഭവിച്ചറിയുന്ന അനുഭൂതിക്ക് യാത്രയുടെ വേറിട്ട ഒരു മുഖമാണുള്ളത്. കണ്ണൻ, വിപിൻ, അനുമുബാരിസ്, നാഫിഹ്, മുസ്തഫ, റസീൻ, സജീർ, അസ്മ, അഫീഫ, ഹസീന,സലൂജ,ഫായിസ, നസ്റിൻ, പിന്നെ കാരണവർമാരായി നജീബ്ക്ക, അബൂക്ക... ഈ യാത്രയിൽ കൂട്ടായ ഗ്രീൻ പാലിയേറ്റിവ് എന്ന നിസ്വാർഥതയുടെ പേരുകൾ നീണ്ടുകിടക്കുന്നു. ചിറകുകൾ തളർന്നുപോയ ഏതാനും പെൺശലഭങ്ങൾക്ക് ദൂരെ നിന്നോ ചിത്രങ്ങളിലോ മാത്രം കണ്ടിരുന്ന തീവണ്ടിയിൽ യാത്രചെയ്യാനും ഒരുനാൾ പുറംലോകത്തിൻെറ വെളിച്ചവും ആഹ്ലാദവും കൂടിച്ചേരലിൻെറ മാധുര്യവും അനുഭവിക്കാനും കഴിഞ്ഞു എന്നത് ഈ ദിവസം എന്നും ഓർമിക്കാൻ കഴിയുന്നൊരു അനുഭൂതിയാക്കി മാറ്റുന്നു. ●

# നാടകകാന്തം ചിറക്ക് ജീവൻ



വളയൻചിറങ്ങരയിൽ അവതരിപ്പിച്ച മണ്ണ് നാടകത്തിൽനിന്ന്

**ഒരു നാടിനെയും ചിറയെയും ചുറ്റിപ്പറ്റി രൂപപ്പെടുത്തിയ നാടകത്തിലെ കഥാപാത്രങ്ങൾ ആ നാട്ടിലെ വ്യക്തികളായിരുന്നു. ചായക്കടക്കാരനും പാൽ വിൽപനക്കാരനും വിദ്യാർഥിയും കർഷകനുമെല്ലാം തങ്ങളുടെ ദൈനംദിന ജീവിതം അതേപടി നാടകത്തിലവതരിപ്പിച്ചു. അതിനാൽ നാടകത്തിലെ കഥാപാത്രങ്ങൾ അഭിനയിക്കുന്നതിന് പകരം ജീവിക്കുകയായിരുന്നു. ഡിസംബർ അവസാന വാരത്തിലായിരുന്നു നാടകാവതരണം**

അരുൺ വർഗീസ്

കര വളർന്ന് ചിറ ചെറുതായി ഇല്ലാതാകുന്നത് നാടിൻെറ നാശമാണെന്ന് തിരിച്ചറിഞ്ഞ ഒരു പറ്റം ആളുകളുടെ ആശങ്കയിൽ പിറവിയെടുത്ത നാടകത്തിൽ നാട്ടുകാർതന്നെ വേഷംകെട്ടുകയും ചിറക്കര വേദിയാകുകയും ചെയ്ത നാടകീയതയാണ് വളയൻചിറങ്ങരയിൽ അരങ്ങേറിയത്. പെരുമ്പാവൂർ വളയൻചിറങ്ങര വി.എൻ. കേശവൻപിള്ള സ്മാരക വായനശാല പ്രവർത്തകർ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ചിറ സംരക്ഷണത്തിനായി എന്തു ചെയ്യാമെന്ന് ആലോചിക്കുകയും തുടർന്ന് നാടകം കളിക്കാമെന്ന് തീരുമാനിക്കുകയുമായിരുന്നു.

നാടകത്തിന് പേരുകേട്ട നാടായ വളയൻചിറങ്ങരയിൽ സ്ഥിരമായി പ്രഫഷനൽ ടീമിനെ വെച്ച് നാടകം നടത്താറുള്ളതിനാൽ പതിവുരീതിയിൽനിന്ന് സംഘാടകർ മാറിച്ചിന്തിച്ചു. ഒടുവിൽ നാട്ടിൻപുറത്തെ സാധാരണക്കാരായവരെ അണിനിരത്തിക്കൊണ്ട് നാടകം തട്ടേൽ കയറ്റാമെന്ന തീരുമാനത്തിലെത്തി. നാടകം കളിക്കാൻ ആളെ കിട്ടുമോ, ആവശ്യമായ പണം കണ്ടെത്താനാകുമോ, കാണികൾ എത്തുമോ എന്നീ ചോദ്യങ്ങൾക്കൊന്നും ഉത്തരമില്ലായിരുന്നെങ്കിലും നാടകം കളിക്കണമെന്ന ആത്മധൈര്യത്തോടെ എൻ.കെ. മണികണ്ഠൻ, എം.എസ്. ഹരികുമാർ, എം.കെ. മദനമോഹനൻ, എൻ.പി. അജയകുമാർ എന്നിവരുടെ നേതൃത്വത്തിൽ സംഘാടകർ മുന്നിട്ടിറങ്ങി. ആ ഉദ്യമം ഒരു നാടിൻെറ സാംസ്കാരിക സംഗമവേദിയായി മാറി. നിരവധി നാടകങ്ങൾ ചെയ്തിട്ടുള്ള എൽദോസ് യോഹന്നാൻ സംവിധാനച്ചുമതല ഏറ്റെടുത്തു. നാട്ടുകാരുടെ മുഴുവൻ പങ്കാളിത്തം ഉറപ്പുവരുത്താനായി വീടുവീടാന്തരം കയറിയിറങ്ങി എല്ലാവരെയും നാടകത്തിൽ ചേരാനായി ക്ഷണിച്ചു. മുന്നോട്ടുവന്ന കുറച്ചാളുകളെ ചേർത്ത് നാലു മാസം മുമ്പ് നാടകത്തിൻെറ പ്രവർത്തനം ആരംഭിച്ചു.

ആറു മുതൽ 60 വയസ്സുവരെയുള്ളവർ ഈ സംഘത്തിലുണ്ടായിരുന്നു. നാടകത്തിൽ ചേർക്കുമോ എന്ന് ചോദിച്ച് കൂടുതൽ ആളുകൾ എത്താൻ തുടങ്ങിയതോടെ അഭിനേതാക്കളുടെ എണ്ണം കൂടിക്കൂടി 150ലെത്തി. എല്ലാവരെയും ഒരുമിച്ച് നിയന്ത്രിക്കാൻ ബുദ്ധിമുട്ടായതിനാൽ അഭിനയിക്കുന്നവരെ സംഘങ്ങളാക്കി തിരിച്ച് മൂന്നു മാസംകൊണ്ട് പരിശീലനം പൂർത്തിയാക്കി. മുഴുനീള കഥാപാത്രങ്ങളെ പത്തിൽ താഴെയാക്കി നിജപ്പെടുത്തിയതിനാൽ ഇവർ മാത്രമേ മുഴുവൻ സമയവും പരിശീലനത്തിനായി എത്തേണ്ടിയിരുന്നുള്ളൂ.

ഒരു നാടിനെയും ചിറയെയും ചുറ്റിപ്പറ്റി നിർമിച്ച നാടകത്തിലെ കഥാപാത്രങ്ങൾ ആ നാട്ടിലെ വ്യക്തികളായിരുന്നു. ചായക്കടക്കാരനും പാൽവിൽപനക്കാരനും വിദ്യാർഥിയും കർഷകനുമെല്ലാം തങ്ങളുടെ ദൈനംദിന ജീവിതം അതേ പടി നാടകത്തിലവതരിപ്പിച്ചു. അതിനാൽ നാടകത്തിലെ കഥാപാത്രങ്ങൾ അഭിനയിക്കുന്നതിന് പകരം ജീവിക്കുകയായിരുന്നു. ഡിസംബർ അവസാന വാരത്തിലായിരുന്നു നാടകാവതരണം.

സ്റ്റേജെന്ന ചതുരത്തിലേക്ക് നാടകത്തെ ഒതുക്കിനിർത്താതെ ചിറക്കരയുടെ വിശാലതയിലേക്ക് നാടകവേദി മാറ്റി. സമീപത്തെ വീടുകളിൽനിന്ന് ആവശ്യമായ സാധനങ്ങൾ കടം വാങ്ങി നാട്ടുകാർതന്നെ സെറ്റിട്ടു. ഒരു ദിവസം രണ്ടു കളി നടത്തി നാടകം അവസാനിപ്പിക്കാനായിരുന്നു തീരുമാനം. എന്നാൽ, ആദ്യദിവസത്തെ കളി തന്നെ മഴയെത്തുടർന്ന് പാതിയിൽ അവസാനിപ്പിച്ചു. ഇതോടെ വീണ്ടും നാടകം അവതരിപ്പിക്കേണ്ടതായി വന്നു. എന്നാൽ, സംഘാടകർ ഉദ്ദേശിച്ചപോലെ ഒരു ദിവസത്തെ കളികൊണ്ട് നാടകം അവസാനിപ്പിക്കാൻ സാധിച്ചില്ല. മൂന്നു ദിവസങ്ങളിലായി അഞ്ചു തവണ നാടകം അവതരിപ്പിക്കേണ്ടിവന്നു. ആയിരക്കണക്കിനാളുകളാണ് നാടകം കാണാൻ എത്തിയത്.

ചിറയെക്കുറിച്ചും നാടകത്തെക്കുറിച്ചും അറിഞ്ഞ എൽദോസ് കുന്നപ്പിള്ളി എം.എൽ.എ ചിറ നവീകരണത്തിനായി 15 ലക്ഷം രൂപ അനുവദിക്കാമെന്നേറ്റു. ഒരു നാടിന് ആ പേരു നൽകിയ, നാശത്തിൻെറ വക്കിലെത്തിയ വളഞ്ഞ ചിറക്ക് ഇതോടെ പുതുജീവൻ വെച്ചു.

നാടകത്തെക്കുറിച്ചും ചിറയെക്കുറിച്ചും പ്രകൃതിയെക്കുറിച്ചും കൂട്ടായ്മയെക്കുറിച്ചുമെല്ലാം കാര്യക്ഷമമായി ചിന്തിക്കാൻ വളയൻചിറങ്ങരയിലെ ആബാലവൃദ്ധം ജനങ്ങളെ പ്രേരിപ്പിച്ചുകൊണ്ടായിരുന്നു 'മണ്ണ്' എന്ന ഒരു നാടിൻെറ നാടകം അവസാനിച്ചത്. ●

നാടകം